(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ.4/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം,

തീയതി: 18.01.2017

Phone No: 0471-2331231

Email: lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

ചെയർമാൻ/ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

വർക്കല നഗരസഭ.

സർ,

വിഷയം : വർക്കല നഗരസഭ- 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 18-ാം ചട്ടം, 1994ലെ കേരള നഗരപാലിക നിയമം 295 (4) -ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വർക്കല നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെ ടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ജോയിന്റ് ഡയറക്ടർ.

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)

4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം.

5) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/എം.എൽ.4/2017 തീയതി: 18.01.2017

തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം - വകുപ്പ് 295(4), 1994 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭയുടെ 19-07-2016 മുതൽ 17-12-2016തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവര ങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കി യിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. വി.എം. മോഹനൻ പിള്ള, ജോയിന്റ് ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.12.2016മുതൽ 28.12.2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.നിസാമുദീൻ എ. (ഓഡിറ്റ് ഓഫീസർ)
2. ശ്രീമതി.വാലന്റീന എം. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
3. സഞ്ജയ്. പി.ഐ. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
4. ശ്രീമതി. എം.എൽ. ലേഖ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
5. ശ്രീ.ശിവനാഥൻ എ. (ഓഡിറ്റർ)
6. ശ്രീ.വി.ആർ. അരുൺദേവ്. (ഓഡിറ്റർ)

(ബി) നിർവ്വഹണാധികാരികൾ

*ചെയർമാൻ* : ശ്രീ.ബിജുഗോപാലൻ 1.04.2015 മുതൽ 19.7.2015വരെ

ശ്രീ.എൻ.അശോകൻ 20.7.2015 മുതൽ 31.10.2015വരെ

ശ്രീമതി.ബിന്ദു ഹരിദാസ് 18.11.2015 മുതൽ 31.3.2016വരെ

*സെക്രട്ടറി* : ശ്രീ.സാംജിഡേവിഡ് 01.4.2015 മുതൽ 31.3.2016 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് |
|---|---|
| മുനിസിപ്പൽ എൻജിനീയർ | ശ്രീ.സജീഷ് 01.04.2015 മുതൽ 31.07.2015 വരെ,<br>01.08.2015 മുതൽ 06.08.2015 വരെയുള്ള മുൻ എഞ്ചിനീയറുടെ വിവരം ലഭ്യമാക്കിയിട്ടില്ല<br>ശ്രീ.അൻസാർ.ജെ 7.08.2015 മുതൽ 31.3.2016 വരെ |

| | |
|---|---|
| അസി.എൻജിനീയർ | ശ്രീ.ശിവൻകുട്ടി 01.04.2015 മുതൽ 25.05.2015 F.N.വരെ<br>ശ്രീ. പത്മചന്ദ്രൻ നായർ.സി 25.05.2015AN മുതൽ 31.03.2016വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. നീന എൻ. 01.04.2014 മുതൽ 10.08.2015FNരെ<br>ശ്രീമതി. അലോഷ്യ എ. 10.08.2015 ANമുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ഡോ.ലേഖ ജോർജ് 01.04.2015 മുതൽ 31.03.2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.വിജയലക്ഷമി 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സുഗന്ധി 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നിഷ വി. 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. അജിത്കുമാർ എസ്. 01.04.2015 മുതൽ 31.03.2016 വരെ |
| എച്ച്.എം, എൽ.പി.ജി.എസ് | ശ്രീ.ഷൈൻ 01.04.2015മുതൽ 31.03.2016 വരെ |
| ഫിഷറീസ് ഓഫീസർ | ശ്രീ.സെബാസ്റ്റ്യൻ 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | *തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - അടിയന്തിരമായി പിരിച്ചെടുക്കണം* | 2-1 | |
| 13 | *തൊഴിൽ നികുതി പത്രിക സമ്മർപ്പിച്ചിട്ടില്ല* | 2-2 | |
| 14 | ഡി & ഒ ലൈസൻസ് തുക ഈടാക്കിയിട്ടില്ല | 2-3 | |
| 15 | ബങ്ക്/ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കണം | 2-4 | |
| 16 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കണം | 2-5 | |
| | ഭാഗം-3 | | |
| 18 | കാർഷിക മേഖലയ്ക്ക് വകയിരുത്തിയ 3971800/- രൂപയിൽ ചെലവ് ചെയ്തത് 476027/- രൂപ മാത്രം. | 3-1 | |
| 19 | വെറ്ററിനറി, സെക്രട്ടറി, പട്ടികജാതി വികസനം - ചെലവ് ശുഷ്കം | 3-2 | |
| 20 | തുക ലഭ്യമായിട്ടും പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. | 3-3 | |
| 21 | പി.എഫ്.വിഹിതം ഒടുക്കുന്നതിലെ കാലതാമസം - തനത് ഫണ്ടിൽ നിന്ന് 35,993/- രൂപ പിഴപ്പലിശയൊടുക്കി. | 3-4 | |

| | | | |
|---|---|---|---|
| | | | |
| 22 | വിനിയോഗ സാക്ഷ്യപത്രം പദ്ധതി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. | 3-5 | |
| 23 | നഗരസഭയിലെ ജനറേറ്റർ പ്രവർത്തനക്ഷമമാകുന്നില്ല– നഷ്ടം 648000/- രൂപ | 3-6 | |
| 24 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - 42865/-രൂപ തടസ്സപ്പെടുത്തുന്നു. | 3-7 | |
| 25 | താലൂക്ക് ആശുപത്രിയിൽ പവർ ലോൺട്രി നിർമാണം - അധിക നിരക്കിൽ തുക നൽകി - 64936/-രൂപ നിരാകരിക്കുന്നു | 3-8 | |
| 26 | ഡി. പി. സി. അംഗീകാരമില്ലാത്ത പ്രവൃത്തിക്കായി തുക വകമാറി ചെലവഴിച്ചു - ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം | 3-9 | |
| 27 | പുന്നമൂട് മാർക്കറ്റ് ഷോപ്പിംഗ് കോപ്ലക്സ് പുനരുദ്ധാരണം - 13579/-രൂപ നിരാകരിക്കുന്നു. | 3-10 | |
| 28 | വലിയ വീട്ടിൽ ദേവി ക്ഷേത്രം ബോർണിയോ മുക്ക് റോഡ് റീ ടാറിംഗ് പ്രവൃത്തി - അളവിൽ കുറവ് - 3.27 ലക്ഷം രൂപ നിരാകരിക്കുന്നു. | 3-11 | |
| 29 | ടാക്ക് കോട്ടിനേക്കാൾ കൂടുതൽ ഏരിയയിൽ ചിപ്പിംഗ് കാർപ്പെറ്റും സീൽകോട്ടും -അധിക നിരക്ക് നിരാകരിക്കുന്നു. | 3-12 | |
| 30 | മെറ്റലിന്റെയും മെറ്റലിംഗിന്റെയും അളവ് കണക്കാക്കിയതിലും നിരക്ക് അനുവദിച്ചതിലും സി.പി.ഡബ്ളിയു.ഡി. ഡി.എസ്.ആർ. മാനദണ്ഡങ്ങൾ പാലിച്ചില്ല.അധിക തുക നിരാകരിക്കുന്നു. | 3-13 | |
| 31 | സി.പി.ഡബ്ളിയു.ഡി.ഡി.എസ്.ആർ അനുവദിക്കാത്ത പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പണം ചെലവഴിച്ചു-നഗരസഭയ്ക്കുണ്ടായ നഷ്ടം നിരാകരിക്കുന്നു. | 3-14 | |
| 32 | മരാമത്ത് ഫയലുകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 3-15 | |
| 33 | വീടിനു സ്ഥലം വാങ്ങൽ - മാർഗ്ഗരേഖ ലംഘനം | 3-16 | |
| 34 | വീടിന് ധനസഹായം - പണി പൂർത്തികരിക്കപ്പെടുന്നില്ല | 3-17 | |

| | | | |
|---|---|---|---|
| 35 | പദ്ധതി പൂർത്തികരിച്ചില്ല-നടപടികൈകൊള്ളേണ്ടതാണ് | 3-18 | |
| 36 | വികലാംഗർക്ക് മുച്ചക്ര വാഹനം പദ്ധതി നടപ്പാക്കിയിട്ടില്ല - 858000/- രൂപ തടസ്സപ്പെടുത്തുന്നു | 3-19 | |
| 37 | ആശ്രയ- നടത്തിപ്പ് പരാജയം | 3-20 | |
| 38 | പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സ്കോളർഷിപ്പ് സർക്കാർ വിഭാവനം ചെയ്ത നിരക്കിൽ നൽകുന്നില്ല. | 3-21 | |
| 39 | ആസ്തി സംരക്ഷണത്തിലെ വീഴ്ച- 273280/-രൂപയുടെ വാഹനം തുരുമ്പെടുത്ത് നശിക്കുന്നു. തുക തടസ്സപ്പെടുത്തുന്നു | 3-22 | |
| 40 | ദാരിദ്ര്യ നിർമ്മാർജനം - ആസൂത്രണം ചെയ്ത് തുക വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കിയില്ല. | 3-23 | |
| 41 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. | 3-24 | |
| 42 | എച്ച്.എം. കാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 3-25 | |
| 43 | സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം - അപാകതകൾ. | 3-26 | |
| 44 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-27 | |
| | ഭാഗം- 4 | | |
| 45 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 | |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിശദാംശം. | 4-2 | |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-3 | |
| 48 | വായ്പ/വായ്പ തിരിച്ചടവ്. | 4-4 | |
| 49 | സ്ഥിരനിക്ഷേപങ്ങൾ. | 4-5 | |
| 50 | ഓഡിറ്റ് റിക്കവറി. | 4-6 | |
| 51 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 52 | ഓഡിറ്റ് പ്രത്യവലോകനം. | 4-8 | |

| | | | |
|---|---|---|---|
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-9 | |
| | അനുബന്ധം | | |
| I | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 1ാം നമ്പർ തീരുമാനപ്രകാരം 30.03.2015 ൽ അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 465767988/-രൂപ വരവും 339501800/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 216086105.75/-രൂപയും ചെലവ് 160846843/-രൂപയുമാണ്. ബജറ്റിൽ വിഭാവനം ചെയ്ത പ്രോജക്ടുകൾ പൂർണ്ണമായും നഗരസഭയ്ക്ക് നടപ്പാക്കാനായിട്ടില്ലെന്നാണ് വാർഷിക ധനകാര്യ പത്രിക യിലെ ചെലവിനത്തിലെ കുറവ് വ്യക്തമാക്കുന്നത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 13-07-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെവിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 03-01-2017 | അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 140340163.75/-

വരവ് : 75745942.00/-

ആകെ : 216086105.75/-

ചെലവ് : 160846843.00/-

നീക്കിയിരിപ്പ് : 55239262.75/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 16345575 | 0 | 51909816 | 68255391 | 68255391 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 34919195 | 18127777 | -33199195 | 19847777 | 19847777 | 0 |
| ബി-ഫണ്ട് | 0 | 702532 | 0 | 702532 | 702532 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 9565387 | 0 | 0 | 9565387 | 9565387 (9180793+384594) | 0 |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 4620068 | 0 | 0 | 4620068 | 4620068 (2116515+2503553) | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 16361363 | 3687334 | -14276149 | 5772548 | 5772548 | 0 |
| കെ.എൽ.ജി . എസ് .ഡി.പി | 4434472 | 0 | -4434472 | 0 | 0 | 0 |
| എസ്.ബി.ഐ തനത് ഫണ്ട് | 382960 | 844256 | 0 | 1227216 | 1227216 | 0 |
| ഇൻഡ്യൻ ഓവർസീസ് ബാങ്ക്(തനത്) | 5919766 | 30687334 | 0 | 36607100 | 32507066 | 4100034 |
| ബാങ്ക് ഓഫ് ബറോഡ(തനത്) | 11032 | 446 | 0 | 11478 | 0 | 11478 |
| ധനലക്ഷ്മി(തനത്) | 6791.06 | 0 | 0 | 6791.06 | 0 | 6791.06 |
| ട്രഷറി എം.എഫ്.എ/ സി1(ജനറൽ പർപ്പസ് ഗ്രാന്റ്) | 1463092 | 13023000 | 0 | 14486092 | 11096050 | TSB Own Fund + Try. M/F. A/c. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ട്രഷറി പ.എഫ്.എ/ സി(ലോൺ അക്കൗണ്ട്) | 524035 | 2000000 | 0 | 2524035 | 866308 | 1657727 |
| ഐ.ഒ.ബി. IHSDP | 1528930 | 134974 | 0 | 1663904 | 134200 | 1529704 |
| യൂണിയൻ ബാങ്ക് IHSDP | 26649246 | 994156 | 0 | 27643402 | 3878273 | 23765129 |
| സ്വച്ച് ഭാരത് | 0 | 2666500 | 0 | 2666500 | 0 | 2666500 |
| എസ്ബിഐ.സെൻസസ് a/c | 225456 | 0 | 0 | 225456 | 13980 | 211476 |
| ഇൻഡ്യൻ ഓവർസീസ് ബാങ്ക്(പൈപ്പ് കണക്ഷൻ പ്രോജക്ട്) | 272405 | 0 | 0 | 272405 | 81 | 272324 |
| ടൂറിസം | 50774.47 | 2055 | 0 | 52829.47 | 0 | 52829.47 |
| ശുചിത്വ മിഷൻ | 10902426.22 | 441374 | 0 | 11343800.22 | 0 | 11343800.22 |
| അമൃതം ഗമയ | 3880000 | 0 | 0 | 3880000 | | 3880000 |
| ബയോഗ്യാസ് പൈപ്പ് കംബോസ്റ്റ് | 354400 | 2635 | 0 | 357035 | 2375 | 354660 |
| വെറ്റിനറി സർജൻ | 64899 | 29450 | 0 | 94349 | 94349 | 0 |
| ഐ.സി.ഡി.എസ് | 197995 | 948711 | 0 | 1146706 | 594022 | 552684 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1085320 | 1238056 | 0 | 2323376 | 1094644 | 1228732 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീക രിച്ച പ്രോജ ക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 179737630 | 119 | 57410809 | 54 | 94 | 30.5 % |

അംഗീകാരം ലഭ്യമായ പ്രോജക്ടുകളിൽ 30% പ്രോജക്ടുകൾ മാത്രമേ തൻവർഷം പൂർത്തീകരിക്കാനായിട്ടുള്ളൂ. പദ്ധതി നിർവ്വഹണത്തിൽ നഗരസഭ അധികൃതർ കാര്യക്ഷമത പുലർത്തിയിട്ടില്ലെന്നാണ് മേൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ സൂചിപ്പിക്കുന്നത്. ആയതിനാൽ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നീ ഘട്ടങ്ങളിൽ നഗരസഭ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തി യാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതുമാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27% വർദ്ധനവുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| തൊഴിൽ നികുതി | 4495677 | 5220779 | 725102 | +16% |
| കെട്ടിട നികുതി | 10505012 | 12481640 | 1976628 | +19% |
| പരസ്യ നികുതി | 280944 | 138791 | -142153 | -50% |
| വിനോദ നികുതി | 862104 | 1500602 | 638498 | +74.06% |
| *നികുതിയേതര വരവുകൾ* | | | | |
| ഷോപ്പിംഗ് കോംപ്ലക്സ്/വാടക | 2325261 | 2952830 | 627569 | +26.9% |
| ഡി&ഒ ലൈസൻസ് | 208373 | 207081 | -1292 | -.62% |
| മറ്റ് വരവുകൾ | 4900670 | 5942519 | 1041849 | 21.25 |
| ആകെ | | | | |

നഗരസഭയ്ക്ക് ലഭ്യമാകേണ്ട നികുതി വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. ഡി&ഒ ലൈസൻസ് ഫീസ് ഭാഗീകമായാണ് ഈടാക്കിയിട്ടുള്ളത്. വസ്തു നികുതി പൂർണമായി പിരിച്ചെടുത്തും പരസ്യ നികുതി ഈടാക്കിയും അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുത്തും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

നഗരസഭാ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ള വിവിധ വിവരങ്ങൾ അടങ്ങിയ പ്രൊഫോർമ്മയിലെ കണക്കുകൾ

വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 363240 | 316 |
| കർഷക തൊഴിലാളി പെൻഷൻ | 125010 | 17 |
| വിധവാപെൻഷൻ | 15929360 | 1719 |
| വാർദ്ധക്യകാല പെൻഷൻ | 14498250 | 2566 |
| വികലാംഗ പെൻഷൻ | 3880955 | 374 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 200000 | - |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | - | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2016-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 158640/- രൂപ നീക്കിയിരിപ്പുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് ലിസ്റ്റ്, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ മുനിസിപ്പാലിറ്റി ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

അംഗീകാരം ലഭ്യമായ പ്രോജക്റ്റുകളിൽ 46.63% മാത്രമേ തൻവർഷം പൂർത്തീകരിക്കാനായിട്ടുള്ളൂ. പദ്ധതി നിർവഹണത്തിൽ കാര്യക്ഷമത പുലർത്തിയിട്ടില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ആയതിനാൽ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നീ ഘട്ടങ്ങളിൽ നഗരസഭ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്റ്റുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് നിർമ്മാണ/മെയിന്റനൻസ് പ്രവൃത്തികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അനുസരിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.2016 മുതൽ 26.06.2016 വരെ | 2013-14 മുതൽ 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-02-2016 | 2012-13 മുതൽ 2014-15 വരെ | 13-04-2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് - അടിയന്തിരമായി പിരിച്ചെടുക്കണം

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245(1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനായും 2015-16 ലെ ഡിമാന്റ് രജിസ്റ്ററും പത്രികകളും പരിശോധിച്ചതിൽ താഴെ പറയുന്ന വ്യക്തികളിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു.

| ക്രമ നം | പേരും സ്ഥാപനവും | അർദ്ധവർഷം | ആകെ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| 1. | സാനു.എസ് ജൂനിയർ ഓഫീസർ UAEXCHANGE | ഒന്നാം അർദ്ധവർഷം | 31500 | 300 | 180 | 120 |
| | | രണ്ടാം അർദ്ധവർഷം | 31500 | 300 | 180 | 120 |
| 2. | ലീല.എസ് ശിവഗിരി ശ്രീനാരായണ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ | രണ്ടാം അർദ്ധവർഷം | 75360 | 750 | 600 | 150 |
| 3. | ശാലിനി, ലാബ് ടെക്നീഷ്യൻ ഗിരിജ പതോളജിസ്റ്റ് | രണ്ടാം അർദ്ധവർഷം | 66900 (പത്രികയിൽ 5625 എന്ന് കാണിച്ചിരിക്കുന്നു ) | 600 | - | 600 |
| 4. | അരോമ ലാബ്അസിസ്റ്റന്റ് ഗിരിജ പതോളജിസ്റ്റ് | രണ്ടാം അർദ്ധവർഷം | 65100 (പത്രികയിൽ 23047എന്ന് കാണിച്ചിരിക്കുന്നു ) | 600 | 180 | 420 |
| 5 | പ്രിയ .പി ലാബ്അസിസ്റ്റന്റ് ഗിരിജ പതോളജിസ്റ്റ് | രണ്ടാം അർദ്ധവർഷം | 65100 (പത്രികയിൽ 31791എന്ന് കാണിച്ചിരിക്കുന്നു) | 600 | 300 | 300 |
| 6 | പുഷ്പഹരൻ കാഷ്യർ | രണ്ടാം അർദ്ധവർഷം | 63882 (പത്രികയിൽ32241 എന്ന് | 600 | 300 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | ഗിരിജ<br>പതോളജിസ്റ്റ് | | കാണിച്ചിരിക്കുന്നു ) | | | |
| 7 | ലക്ഷമി .എസ്<br>ക്ലർക്ക്<br>പഞ്ചാബ്<br>നാഷണൽ ബാങ്ക് | ഒന്നാം<br>അർദ്ധവർഷം | 157956 | 1250 | 100 | 1150 |
| ആകെ | | | | 5000 | 1840 | 3160 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക അടിയന്തിരമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പത്രിക സമർപ്പിച്ചിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഒടുക്കുന്നതിന് ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങളടങ്ങിയ പത്രിക സർപ്പിച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | നാഷണൽ ഡയഗോണിസ്റ്റിക്സ് സെന്റർ | ഒന്നാം അർദ്ധവർഷം |
| 2 | ജയ ഗ്യാസ് സർവ്വീസ് | ഒന്നാം അർദ്ധവർഷം |
| 3 | വർക്കല നഴ്സിങ് ഹോം | ഒന്നാം അർദ്ധവർഷം |
| 4 | എ.എസ് ടെക്സ്റ്റയിൽസ് | ഒന്നാം അർദ്ധവർഷം |
| 5 | പോൾ മർച്ചന്റ് ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം |
| 6 | ബി.എസ്.എൻ.എൽ. | ഒന്നാം അർദ്ധവർഷം |
| 7 | കൃഷ്ണ തീരം റിസോർട്ട് | ഒന്നാം അർദ്ധവർഷം |
| 8 | ജോയ് ആലൂക്കാസ് മണി എക്സ്ചേഞ്ച് | ഒന്നാം അർദ്ധവർഷം |

*തൊഴിൽ നികുതി ഒടുക്കുമ്പോൾ പത്രിക പൂർണമായും സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.*

## 2-3 ഡി & ഒ ലൈസൻസ് തുക ഈടാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447 പ്രകാരം നഗരസഭയുടെ ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും നഗരസഭപരിധിയിലെ സ്ഥലങ്ങൾ യാതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല. നഗരസഭ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം 142സ്ഥാപനങ്ങളിൽ നിന്ന് ഡി&ഒ ലൈസൻസ് തുക ഈടാക്കാനുണ്ട്. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം, കെട്ടിട നമ്പർ | പേരും സ്ഥാപനത്തിന്റെ പേരും | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | 1/ 62 | ശോഭ.എസ്,കുറക്കണി, വർക്കല,എസ്.കെ.എം ഹാർഡ് വെയേഴ്സ് | 350 |
| 2 | 1/ 92 | സമ്മീർ,മോനി മൻസിൽ,വർക്കല,അലൂമിനിയം ഫാബ്രിക്കേഷൻ | 400 |

| | | | |
|---|---|---|---|
| | | | |
| 3 | 1/ 132 സി എൻ | നാജ്മുദീൻ, ന്യൂ ഹെവൻ ബീച്ച് റിസോർട്ട് | 600 |
| 4 | 1/ 135 എ - എഫ് | തുളസി.ആർ, സാവിത്രി ഇൻ | 800 |
| 5 | 1/ 128 z | അലപറമ്പിൽ മോഹൻ, ഡൈൻ എ മലബാറി ഫുഡ് കോർട്ട് | 500 |
| 6 | 1/ 132 P,Q | ഡോ.സുജീഷ്, ആയുർ വേവ് | 700 |
| 7 | 1/ 135 A | ഡോ.പ്രദീപ് കുമാർ, വരധ ആയുർവേദിക്ക് സെന്റർ | 700 |
| 8 | 1/ 135 J,K | അനിൽ കുമാർ എസ്, സാന്താക്ലോസ് ബീച്ച് റിസോർട്ട് | 1600 |
| 9 | 1/ 139 M | സതീഷ് കുമാർ.എ, ബോൺ വോയേജസ് ടൂർസ് & ട്രാവൽസ് | 500 |
| 10 | 1/ 139 | നവീൻ എൻ.രാജ്, കേഫ് ഹേലിയാനോ | 425 |
| 11 | 1/ 140 A | ഡോ.ചന്ദ്രാഗതൻ ആശാരി, ഒലീവ് ആയുർവേദ & യോഗ | 700 |
| 12 | 1/ 143 H | ജനാർധനൻ.എച്ച്, താജ്മഹൽ ആയുർവേദിക്ക് ബീച്ച് റിസോർട്ട് | 1200 |
| 13 | 1/ 150 R | മനേഷ് ഘാൻ, സിൽവർ എസ്റ്റേറ്റ് | 500 |
| 14 | 1/ 154 K,L | ഉണ്ണികൃഷ്ണൻ നായർ, അനാമിക ആയുർവേദിക്ക് സെന്റർ | 1000 |

| | | | |
|---|---|---|---|
| 15 | 1/ 152 B | ഡോ.സുരഭി.എൻ.പി, കൈരളി ആയുർവേദ | 700 |
| 16 | 1/ 156 G | അലിംഷ.എ, ഹിൽ വ്യൂ ട്രാവൽസ് | 250 |
| 17 | 1/ 157 C | ഡോ.സലീം രാജ്, സിദ്ധി ആയുർമന പഞ്ചകർമ്മ സെന്റർ | 700 |
| 18 | 1/ 160 I | മുഹമ്മദ് ഇബ്രാഹിം, എലഗൻസ് ഓഫ് ഇന്ത്യ | 200 |
| 19 | 1/ 168 B | അരുൺ.ആർ, എം.കെ ഗാർഡൻ ആയുർവേദ ക്ലീനിക്ക് | 700 |
| 20 | 1/ 172 B | സൈനുദീൻ.എച്ച്, ബിലാൽ സ്റ്റോർ | 500 |
| 21 | 1/ 230 J | ബിനു ജോയ്, എസ്.എസ്.വൈ.എൻ ആയുർവേദ | 700 |
| 22 | 1/ 235 D | റിയാസ് അഹമ്മദ് ദാസ്.എം, ട്രബൽ ആർട്ട് & ജ്വലറി | 350 |
| 23 | 1/ 246 E,F | സുധീഷ് കുമാർ, മാഗോ ഹൗസ് ആയുർവേദിക്ക് സെന്റർ | 700 |
| 24 | 1/ 248 | ജെ.വിശ്വംഭരൻ വൈദ്യർ, സുഹപ്രധായനീ വൈദ്യശാല | 700 |
| 25 | 1/ 255 | അജിത്ത്.വി,കൂൾ ഡ്രിംസ് | 100 |
| 26 | 1/ 306 | മധുസൂതനൻ നായർ.പി, പത്മനാഭ ട്രേഡ്സ് | 525 |
| 27 | 1/ 318 D1 | അനിൽകുമാർ.എസ്, യുണീക്ക് ടൂർസ് & ട്രാവൽസ് | 250 |

| | | | |
|---|---|---|---|
| 28 | 1/ 319 C,D | സലീം ഷാ, റോസ് ഗാർഡൻ | 1075 |
| 29 | 2/61 B | രമണി.ബി, പ്രൊവിഷണൽ സ്റ്റോർ | 730 |
| 30 | 2/ 224 F | സുജി.എസ്, ലെ മംഗലത്ത് ആയുർവേദിക്ക് ബീച്ച് റിട്രീറ്റ് | 1300 |
| 31 | 2/ 224 K | പ്രിയ ദേവി.എൻ, ശ്രീ ശങ്കര ആയുർവേദ കേന്ദ്ര | 700 |
| 32 | 3/ 100 E | രാജശേഖരൻ.വി.പി, വെൽനസ്സ് യോഗ | 200 |
| 33 | 3/ 215 G | സുനിൽ.ബി, അമൃത സാരീസ് | 500 |
| 34 | 3/ 215 H | സുനിൽ.ബി, എസ്.ഡി ബേക്കേഴ്സ് | 515 |
| 35 | 3/ 300 CDE | ജി. ഉണ്ണികൃഷ്ണൻ നായർ, അമ്മു സാന്റ് & ബ്രിക്സ് | 500 |
| 36 | 4/ I-F | അറുമുഖ സ്വാമി.ജി, മുരുകൻ സലൂൺ | 100 |
| 37 | 4/ 77 E | സാബു , ജെ.എ. പ്രോഡക്ട്സ് | 300 |
| 38 | 4/ 186 C,D | എം.ഡി, കാസ ഐ വി എ ലൂണ | 1500 |
| 39 | 4/ 329 | ശശിധരൻ ചെട്ടിയാർ.ആർ, കീർത്തി ആയുർവേദ സ്റ്റോർ | 200 |
| 40 | 5/ 86 B | ധർമരാജ്.എം, പ്രിയങ്ക ടെക്സ്റ്റയിൽസ് | 500 |
| 41 | 5/ 381 | സ്നേഹലത.ബി, ആനന്ദ് ഓയിൽ മിൽ | 200 |
| 42 | 6/103 C | ബാബു.വി, വലിയ വീട്ടിൽ ടൂർസ് & ട്രാവൽസ് | 400 |
| 43 | 6/ 148 C | ആർ.മണികണ്ഠൻ, രാജ് ആട്ടോ സ്പെയേഴ്സ് | 100 |

| | | | |
|---|---|---|---|
| 44 | 6/ 266 | പ്രിൻസ് ഗിരി, എ.എ ഏജൻസീസ് | 100 |
| 45 | 6/ 349,350 | പുഷ്കിൻലാൽ.ജി, കംമ്പ്യൂട്ടർ കെയർ സിസ്റ്റംസ് & സെയിൽസ് | 100 |
| 46 | 6/ 486 B | മോഹനൻ.എ, ട്രൻഡ്സ് ബ്യൂട്ടിപാർലർ | 600 |
| 47 | 6/ 486 G | അജിത്ത് കുമാർ.വി, ബ്രദേഴ്സ് ഏജൻസീസ് | 200 |
| 48 | 6/ 496 F | സുരേഷ്, മൊബൈൽ പാലസ് | 200 |
| 49 | 6/ 497 A | അയ്യപ്പൻ.എം, ഗോൾഡ് വർക്ക് | 290 |
| 50 | 6/ 546 | അനിൽകുമാർ.ജി, പാൻ ഷോപ്പ് | 225 |
| 51 | 6/ 559,560,561 | അനിൽകുമാർ.ജി, ഗോപൂസ് ഡിജിറ്റൽ ഗാലക്സി | 250 |
| 52 | 6/ 689 G | സനീഷ് രവീന്ദ്രൻ, വൈറ്റ് ക്രോ പിക്ചേഴ്സ് | 300 |
| 53 | 6/ 695 | ജയകുമാർ.എൻ, ദുർഗ സ്റ്റോർ | 100 |
| 54 | 6/ 704 | ഡോ.ബയാസ് ഷുക്കൂർ, ഷുക്കൂർ മൾട്ടി ദന്തൽ ക്ലീനിക്ക് | 200 |
| 55 | 6/ 854 | നൌഷാദ്, ബ്രദർ സ്റ്റോർ | 200 |
| 56 | 6/ 865 | സെൽവകുമാർ.എസ്, മഞ്ചിമ കമ്മ്യൂണികേഷൻസ് & സിൽവർ പാലസ് | 250 |
| 57 | 6/ 887 | ജോതി വിജയൻ.വി, അലോപ്പതി മെഡിസിൻ | 325 |
| 58 | 6/ 887 A | ഷിബു, ബ്യൂട്ടി പാർലർ | 50 |

| | | | |
|---|---|---|---|
| 59 | 6/ 887 C | എസ്.അബ്ദുൾ ഷുക്കൂർ, ഫെമി ജുവലറി | 200 |
| 60 | 6/ 887 M | മുരുകൻ ആചാരി .കെ, ഗംഗ ഗോൾഡ് | 100 |
| 61 | 6/ 899 | രവികുമാർ, ആർ.കെ മെഡിക്കൽസ് | 300 |
| 62 | 6/ ബങ്ക് നം 18 | അബ്ദുൾ ജബാർ,ഫ്രൂട്ട്സ് & വെജിറ്റബിൾസ് | 200 |
| 63 | 6/ ബങ്ക് നം 37 | സൈനുദീൻ | 65 |
| 64 | 6/ ബങ്ക് നം 45 | ഫാസിലാൻ.എ, പെറ്റി ഷോപ്പ് | 200 |
| 65 | 7/ 42 | സജീവ്.എം,എം.എസ് ആട്ടോ വർക്ക്സ് | 100 |
| 66 | 7/ 63 | അഭിലാഷ്.എസ്.എ, മോട്ടോർ വർക്ക് ഷോപ്പ് | 140 |
| 67 | 7/ 69 | പുരുഷോത്തമൻ നായർ,എൻ.പി.എൻ ഹാർഡ് വെയേഴ്സ് | 250 |
| 68 | 7/ 77 | സുഗതൻ.എൽ, ശിവശക്തി എഞ്ചിനീയറിംഗ് | 275 |
| 69 | 7/ 91 E | നിരേഷ് എസ് കുമാർ, നക്ഷത്ര ഫ്ലക്സ് | 250 |
| 70 | 7/ 92 | ശശിധരൻ നായർ, പൗർണമി ഇലക്ട്രിക്കൽസ് | 150 |
| 71 | 7/ 106 F | രാജേഷ് കുമാർ.കെ, മൊമന്റ്സ് ടൈം പാലസ് | 50 |
| 72 | 7/ 111 | ജ്യോതിഷ്.ബി, ദേവി കളക്ഷൻസ് | 250 |
| 73 | 7/ 116 | നാരായണപിള്ള.എൻ, പോപ്പുലർ റൈസ്മിൽ | 240 |
| 74 | 7/ 151 | മന്ന.എസ്, സാഫി സ്റ്റോർ | 240 |
| 75 | 7/ 175 C | പ്രശാന്ത്.എസ്, സുപ്രീം ട്രേഡേഴ്സ് ഗോഡൗൺ | 400 |

| | | | |
|---|---|---|---|
| 76 | 7/ 186 | അമ്പിരാജ ആർ.എസ്, ഓവിയം കൺസൾട്ടൻസി | 300 |
| 77 | 7/ 194 | കെ.സി മോഹനൻ, കെ.സി.സൈക്കിൾസ് | 100 |
| 78 | 7/ 197 | ശ്രീകുമാർ,അശോക സ്റ്റോർ | 530 |
| 79 | 7/ 256 | അബ്ദുൾ വഹാബ്, ഹാഷിം ബേക്കറി | 165 |
| 80 | 7/ 260,261 | അജയകുമാർ,മെട്രോ ഇലക്ട്രിക്കൽസ് | 100 |
| 81 | 7/ 275 A | പ്രശാന്ത്.എസ്, സുപ്രീം ട്രെഡേഴ്സ് | 300 |
| 82 | 7/ 376 A,B | എം.മുരുകൻ, ശ്രീകൃഷ്ണ ഹോം അപ്ലയൻസ് | 800 |
| 83 | 7/ 409 | സി.രഞ്ചു, സെൽ പ്ലാനറ്റ് | 100 |
| 84 | 7/ 417 | ഭാസ്കർ, അന്നപൂർണ ടെക്സ്റ്റയിൽസ് | 200 |
| 85 | 7/ 418 | കെ.സന്തോഷ്, തേജനേ ഓഫ്സെറ്റ് | 290 |
| 86 | 7/ 456 | സുധർമ്മണി അമ്മ,മീനാംബിക ഫ്ലവർ മിൽ | 150 |
| 87 | 7/ 487 A,B | ബിനു.വി, വിദ്യ ആർട്ട്സ് | 500 |
| 88 | 7/ 498 B | ശോഭ കുമാരി. എസ്, ആദിത്യ സ്റ്റോർ | 140 |
| 89 | 7/ 499 A | ബിജു കുമാർ.ജി, എം.ജി.കെ.എൻ | 150 |
| 90 | 7/ PS 2 | എ.പ്രദീപ് കുമാർ, എ.കെ.സ്റ്റോർ | 255 |
| 91 | 7/S 14 | അർജുൻ മോഹൻ, പാണ്ടിവിള മെഡിക്കൽസ് | 375 |

| | | | |
|---|---|---|---|
| 92 | 7/ ബങ്ക് നം 23 | സുശീല, ജനാർധന സ്റ്റോർ | 350 |
| 93 | 8/ 241 | അനിൽ കുമാർ.എൽ, അനിൽ സ്റ്റോർ | 250 |
| 94 | 8/ 294 G | ഹാഷിം, സ്പാർക്ക് ഇലക്ട്രിക്കൽസ് | 300 |
| 95 | 8/ 260 B | അരുൺ.ജി, ഡിജിറ്റൽ ലാന്റ് | 400 |
| 96 | 10/83 | സുധീരൻ.എം, പി.വി.സി ഫിറ്റിംഗ്സ് | 200 |
| 97 | 13/14 C | ഷക്കീർ ഹുസൈൻ.എ, വിളയിൽ സ്റ്റോർ | 450 |
| 98 | 14/ 190 | ഡോ.നടരാജൻ.എം, എസ്.എൻ ഡെന്റൽ ക്ലീനിക്ക് | 300 |
| 99 | 15/ 89 | വ്യാമകേശൻ.വി, ഹാർഡ് വെയർ | 300 |
| 100 | 15/ 85 | പുഷ്പശീലൻ, വീഡിയോ ലാബ് | 150 |
| 101 | 15/ 203 C | ബീന റോയി.അർ | 380 |
| 102 | 24/ 108 | മുരളീധരൻ, ആലുവിള ട്രെഡേഴ്സ് | 195 |
| 103 | 24/100 A | തങ്കപ്പൻ, സി.റ്റി വെജിറ്റബിൾസ് & ഫ്രൂട്ട്സ് | 250 |
| 104 | 24/ 136 C | ഗീത കുമാരി.എസ്, വിഷ്ണു ഫ്ലവർ മിൽ | 400 |
| 105 | 24/168 | സുധീർ ഷാഹുൽ ഹമീദ്, എസ്.എസ് മൊബൈൽ ഷോപ്പ് | 750 |
| 106 | 24/ 169 C | സുധീർ ഷാഹുൽ ഹമീദ്, എസ്.എസ് ഗിഫ്റ്റ് & ടോയീസ് | 400 |

| | | | |
|---|---|---|---|
| 107 | 24/212 | സുജിത്ത്.എസ്, റെഡിമെയ്ഡ് | 500 |
| 108 | 24/ 303 A | സംഗീത് , കേശവമഠം ആയുർവേദ | 700 |
| 109 | 16/ ബങ്ക് നം 16 | സുധ.ജി | 75 |
| 110 | 17/1 | സെക്രട്ടറി, എസ്.എസ്.എൻ.എം.ഹോസ്റ്റൽ | 1000 |
| 111 | 17/19 A | കെ.ജയദേവൻ, ആനന്ദ് ഹാർഡ് വെയേഴ്സ് | 650 |
| 112 | 17/ 47 L | സുമി, കാസി കമ്മ്യൂണിക്കേഷൻസ് | 100 |
| 113 | 17/ 59 C | സോമരാജൻ.ആർ, ശബരി മെഡിക്കൽസ് | 175 |
| 114 | 17/ 78 | ശിവപ്രസാദ്, വിഷ്ണു സ്റ്റോർ | 200 |
| 115 | 17/100 | അനില സജി, നന്ദാസ് സ്റ്റിച്ചിംഗ് സെന്റർ | 100 |
| 116 | 17/ 101 | പാർവതി ദാസ്, ദാസ് മിൽമ ബൂത്ത് | 200 |
| 117 | 17/ 102 | സജി.എസ്, എസ്.എൻ റൈസ് മിൽ | 300 |
| 118 | 18/ 4 A1 | ഇബ്രാഹിം.റ്റി, ട്വന്റി- 20 മെൻസ് വെയർ | 600 |
| 119 | 18/ 4 B1 | മുഹമ്മദ് ഷഹീർ.എസ് | തുക രേഖപ്പെടുത്തിയിട്ടില്ല |
| 120 | 18/ 4 B,4 B2 | സജിത്ത്.സി | 500 |
| 121 | 18/ 7 A | സാബിറ.റ്റി, ബ്യൂട്ടി പാർലർ | 200 |

| | | | |
|---|---|---|---|
| 122 | 18/ 65 J | സുഹൈബ്.എഫ്, B 4U | 500 |
| 123 | 18/80 A | ദീപു.കെ, സിൻഡ്രല കളക്ഷൻസ് | 500 |
| 124 | 18/ 82 B | ജോസ് സാമുവൽ, ജെന്റ്സ് & കിഡ്സ് വെയർ | 700 |
| 125 | 18/36 BC | ആലിഫ്.എ, ഡ്രീം ഇന്റീരിയർ ഡെക്കറേഷൻ | 150 |
| 126 | 18/153 | രാജേഷ്.ഡി, മൈക്രോവിഷൻ ക്ലീനിക്കൽ ലബോറട്ടറി | 325 |
| 127 | 18/206 | ജി.സതീശൻ, ശ്രീകൃഷ്ണ സ്റ്റോർ | 425 |
| 128 | 18/208 | നിമിഷ്.ആർ.എസ്, പ്രിന്റിംഗ് പ്രസ്സ് | 250 |
| 129 | 18/221 B | രാജീവ്.എച്ച്, വിനായക ആട്ടോ സ്പെയേഴ്സ് | 200 |
| 130 | 18/251 F | റഷീദ്.എസ്.എ, ലോട്ടസ് ഹെൽത്ത് കെയർ | 200 |
| 131 | 20/37 | ന്യൂ ഗ്ലാസ് ഹൌസ് | 300 |
| 132 | 20/35 | അക്ക സ്റ്റോർ | 250 |
| 133 | 20/77 C | അമീർ ഖാൻ, എ.ആർ.എസ്. സ്റ്റോർ | 130 |
| 134 | 20/340 | മാനേജർ, ഹാൻവീവ് ഷോറൂം | 200 |
| 135 | 20/380 D | ഇന്റർനെറ്റ് കഫെ | 200 |
| 136 | 20/385 B | ജോയ് ആലൂക്കാസ് മണി എക്സ്ചെയ്ഞ്ച് | 600 |
| 137 | 21/106 B | എ.ബി സ്റ്റോർ | 400 |

| | | | |
|---|---|---|---|
| 138 | 21/138 | സാലിയന്റ് ട്രാവൽസ് | 250 |
| 139 | 21/18 | മൈക്രോ ക്ലീനിക്കൽ ലാബ് | 100 |
| 140 | 22/25 D | ഷാനവാസ് | 200 |
| 141 | 22/34 | ഡോ.പ്രിയ.എ, ഫിസിയോതെറാപ്പി | 300 |
| 142 | 22/36 | ശ്രീധരൻ നായർ, സ്മിത ഇൻഡസ്ട്രീസ് | 350 |

ഡി&ഒ ലൈസൻസ് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഡി&ഒ രജിസ്റ്റർ പൂർത്തിയാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-4 ബങ്ക്/ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കണം

ബങ്ക്/സ്റ്റാൾ വാടക കുടിശ്ശിക ഈടാക്കാനുണ്ട്. വിശദാംശം ചുവടെ.

| സ്റ്റാൾ നം /ബങ്ക് നം | പേരും മേൽവിലാസവും | മാസ വാടക | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| എം 1 | സുനജ, ചരുവിളവീട്, ജനാർദ്ദനപുരം | 820 | 3/2016 | 820 |
| എം 10 | ഹാമീദ്,ചരുവിളവീട് , കണ്ണമ്പ,വർക്കല | 1216 | 5/2015 മുതൽ 3/2016 വരെ | 13376 |
| എം 19 | വിനയൻ,മാവിളവീട്, വർക്കല | 603(2015-16) | 3/2006 മുതൽ 3/2016 വരെ | 7236(2015-16) |
| ബി 17 | ചന്ദ്രൻപിള്ള, പാറയിൽപുത്തൻവീട്, കുരയ്ക്കണ്ണി | 250 | 3/2016 | 250 |
| ബി.22 | ചിത്രലാൽ | 128(2015-16) | 3/2007 മുതൽ 3/2016വരെ | 1536(2015-16) |

| | | | | |
|---|---|---|---|---|
| ബി 25 | ശകുന്തള.സി, തൊട്ടിക്കല്ല് പുതുവൽപുത്തൻവീട് | 188 | 3/2016 | 188 |
| ബി 28 | ശ്യാമള, കക്കലത്തു കുന്നിൽ വീട്, കണ്വാശ്രമം, വർക്കല | 183(2015-16) | 5/2010 മുതൽ 3/2016 വരെ | 2196(2015-16) |
| ബി.29 | ബാബു മണി നമ്പ്യാർ, കോണത്ത് വീട്, മുണ്ടയിൽ, വർക്കല | 183(15-16) | 11/2012 മുതൽ 3/2016 വരെ | 2196(2015-16) |
| ബി.39 | ഉദയൻ, ചെറുവിളവീട്,ചിലക്കൂർ | 183 | 183 x 12=2196 (എന്നാൽ 2088ആണ് വാടകയിനത്തിൽ അടച്ചിട്ടുള്ളത്) | (2196 - 2088) 108 |
| ബി.40 | ഓമന, കല്ലുവിളവീട്, ചിലക്കൂർ,വർക്കല | 183 | 2/2016മുതൽ 3/2016വരെ | 366 |
| ബി.44 | ഷിഹാബുദ്ദീൻ, കോണത്തുവീട്,ചിലക്കൂർ | 244 | 11/2015മുതൽ 3/2016വരെ | 1220 |
| ബി.45 | ഫാസിലുദ്ദീൻ, കല്ലുവിളവീട്, ആലിയിറക്കം റോഡ്, വർക്കല | 244 | 8/2015മുതൽ 3/2016വരെ | 1952 |

വാടക കുടിശ്ശിക ഈടാക്കുവാനുള്ള 12 പേരിൽ നിന്നും കരാർപ്രകാരമുള്ള വാടക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കണം.

കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 233 പ്രകാരം മുനിസിപ്പൽ പ്രദേശത്തുള്ള എല്ലാ കെട്ടിടങ്ങളുടെയും ഭൂമിയുടെയും മേൽ വസ്തു നികുതി ചുമത്തേണ്ടതാണ്. വർക്കല നഗരസഭാപരിധിയിൽ 2015-16 കാലയളവിൽ 12 മൊബൈൽ ടവറുകളാണ് പ്രവർത്തിച്ചത്. ഇവയ്ക്ക് വസ്തുനികുതി ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും 2 ടവറുകളിലെ വസ്തുനികുതി മാത്രമാണ് ഒടുക്കിയിട്ടുള്ളത്. വസ്തുനികുതി ഈടാക്കാത്ത ടവറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡോർ നമ്പർ | മൊബൈൽ കമ്പനിയുടെ പേരും വിലാസവും | കാലയളവ് |
|---|---|---|---|
| 1 | I/211 C | വയർലെസ് ടി.ടി ഇൻഫോ സർവ്വീസ് ലിമി.,കൊച്ചിൻ | 2011-12(II)മുതൽ |

| | | | |
|---|---|---|---|
| 2 | I/257 A | ഡിഷ് നെറ്റ് വയർലെസ് ലിമി. | 2011-12മുതൽ |
| 3 | I/163 D | ഭാരതി എയർടെൽ ലിമി. | 2011-12മുതൽ |
| 4 | XVII/6A | ഡബ്ല്യൂടിടിഐഎൽ,എസ്.എൽ പ്ലാസ,പാലാരിവട്ടം, കൊച്ചിൻ | 2011-12മുതൽ |
| 5 | XVI/112 F | ബിഎസ്എൻഎൽ,ടെലികോം സിവിൽ സബ് ഡിവിഷൻ,ആറ്റിങ്ങൽ | 2011-12(II)മുതൽ |
| 6 | VI/188 D | ഭാരതി സെല്ലുലാർ ലിമി.,കുണ്ടന്നൂർ,കൊച്ചിൻ | 2011-12മുതൽ |
| 7 | VII/93M | ബി.എസ്.എൻ.എൽ.,ടെലികോം സിവിൽ സബ് ഡിവിഷൻ | 2009-10മുതൽ |
| 8 | XVIII/180W | വയർലെസ് ടി.ടി ഇൻഫോ സർവ്വീസ് ലിമി., കൊച്ചിൻ | 2009-10മുതൽ |
| 9 | X/339A | വയർലെസ് ടി.ടി ഇൻഫോ സർവ്വീസ് ലിമി., മാമല റോഡ്, ഇടപ്പള്ളി, കൊച്ചിൻ | 2009-10മുതൽ |
| 10 | XXI/268D | ഡബ്ല്യൂ.ടി.ടി.ഐ.എൽ., എസ്.എൽ പ്ലാസ, പാലാരിവട്ടം, കൊച്ചിൻ | 2011-12മുതൽ |

10 ടവറുകളിലേയും വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കാർഷിക മേഖലയ്ക്ക് വകയിരുത്തിയ 3971800/- രൂപയിൽ ചെലവ് ചെയ്തത് 476027/- രൂപ മാത്രം.

ഭക്ഷ്യവിളകളുടെ വിളവിസ്തൃതി വർദ്ധിപ്പിച്ചും ഉല്പാദന ക്ഷമത വർദ്ധിപ്പിച്ചും ഉല്പാദന വർദ്ധനവ് സാധ്യമാക്കുന്ന യാതൊരു നടപടികൾക്കും 2015-16 സാമ്പത്തിക വർഷം നഗരസഭ മതിയായ പ്രാധാന്യം നൽകിയിട്ടില്ല. കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന നിരവധിയാളുകളെ ഉൾക്കൊള്ളുന്നതും കാർഷിക പ്രവർത്തനത്തിന് അനുയോജ്യമായ കൃഷിഭൂമിയെ ഉൾക്കൊള്ളുന്നതുമായ ഒരു നഗരസഭ കാർഷിക മേഖലയ്ക്ക് അർഹിക്കുന്ന പ്രാധാന്യം നൽകാത്തത് പദ്ധതി ആസൂത്രണത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. തൻവർഷം കാർഷിക മേഖലയ്ക്ക് 6 പദ്ധതികൾ തയ്യാറാക്കുകയും 3971800/- രൂപ വകയിരുത്തുകയും ചെയ്തു. എന്നാൽ വിഭാവനം ചെയ്ത 6പദ്ധതികളിൽ 5 പദ്ധതികൾ നടപ്പിലാക്കുവാൻ (ജൈവ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കിയില്ല) നഗരസഭ കേവലം 4,76,027/- രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. കാർഷിക മേഖലയെ അപ്രധാനമായിക്കണ്ടതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള

22-12-2016 ലെ 13/16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്താക്കളെ യഥാസമയം ലഭിക്കാത്തതിനാലാണ് പദ്ധതികൾ ലക്ഷ്യം കൈവരിക്കാത്തതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഉല്പാദനമേഖലയായ കാർഷികമേഖലയുടെ സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുവാനും അതിലൂടെ കർഷകരുടെ ക്ഷേമവും കാർഷികമേഖലയുടെ സ്വയം പര്യാപ്തതയും ഉറപ്പ് വരുത്തുവാനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 വെറ്ററിനറി സർജൻ, സെക്രട്ടറി, പട്ടികജാതി വികസന ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ പദ്ധതികൾ - ചെലവ് ശുഷ്കം

മേൽ സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ, സെക്രട്ടറി, പട്ടികജാതി വികസന ഓഫീസർ എന്നിവർ നടപ്പിലാക്കിയ പ്രോജക്ടുകളിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയിൽ വൻ കുറവുകൾ കാണുന്നു.

| ക്രമ നം. | നിർവ്വഹണം | വകയിരുത്തിയത് പ്രോജക്ടുകളിൽ | ചെവഴിച്ചത് നടപ്പിലാക്കിയ പ്രോജക്ടുകൾ | ശതമാനം |
|---|---|---|---|---|
| 1 | സെക്രട്ടറി | 12047525<br>14പ്രോജക്ടുകൾ | 2730302<br>8പ്രോജക്ടുകൾ | 22.66 |
| 2 | വെറ്ററിനറി | 5307455<br>5പ്രോജക്ടുകൾ | 225470<br>2പ്രോജക്ടുകൾ | 4.24 |
| 3 | പട്ടികജാതി വികസന ഓഫീസർ | 53782686<br>14പ്രോജക്ടുകൾ | 19246000<br>8പ്രോജക്ടുകൾ | 35.78 |
| | ആകെ | 71137666 | 22201772 | 31.20 |

നഗരസഭയുടെ അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിരുന്ന പ്രാദേശിക വികസനം, ദാരിദ്ര്യ ലഘൂകരണം, പട്ടികജാതി ക്ഷേമം, പ്രത്യേക പദ്ധതികൾ പ്രകാരം_തെരുവുനായ്ക്കളുടെ നിയന്ത്രണം, ക്ഷയരോഗികൾക്ക് പോഷകാഹാരം, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം, കംപ്യൂട്ടർ പരിശീലനം, കർഷകർക്കും, ചെറുകിട വ്യവസായികൾക്കും ബാങ്ക് വായ്പ എന്നിവയുമായി ബന്ധപ്പെട്ട യാതൊരു പദ്ധതികളും നടപ്പിലാക്കാത്തത് വീഴ്ചയായി വിലയിരുത്തുന്നു.വരും വർഷങ്ങളിൽ നഗരസഭയുടെ അടിസ്ഥാന വികസനത്തിനായി നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-3 തുക ലഭ്യമായിട്ടും പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

(1) അമൃതം ഗമയ പദ്ധതിയ്ക്കായി ടൂറിസം ഡിപ്പാർട്ടുമെന്റിൽ നിന്നും 2.5.13 ൽ 00233364-ാം ചെക്ക് പ്രകാരം 42,40,000/- രൂപ ലഭിച്ചിട്ടുണ്ട്. ടി തുകയിൽ 3,60,000/- രൂപ പദ്ധതിയിൽ ഉൾപ്പെടുത്തി തുണി സഞ്ചി വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക 38,80,000/- ബാങ്കിൽ (ഐ ഒ ബി വർക്കല) അവശേഷിക്കുന്നു.

(2) ക്ലീൻ കേരള പദ്ധതി ഖരമാലിന്യ സംസ്കരണ പ്ളാന്റിന്റെ നടത്തിപ്പിലേക്കായി 28.03.2012 ൽ 0663303 ാം നമ്പർ ചെക്ക് പ്രകാരം 79,24,800/- രൂപ ക്ലീൻ കേരള മിഷനിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണത്തിനായി 2012-ൽ 17,45,417/- രൂപ ലഭിച്ചിട്ടുണ്ട്. ബയോഗ്യാസ്, പൈപ്പ് കമ്പോസ്റ്റ് എന്നീ പദ്ധതികൾ വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയെങ്കിലും ശുചിത്വമിഷൻ ഫണ്ട് നാളിതുവരെയും ചെലവഴിച്ചിട്ടില്ല.

(3) ഐ എച്ച് എസ് ഡി പി പദ്ധതിക്കായി ലഭിച്ച തുകയുടെ വിവരം

സെൻട്രൽ ഷെയർ 28-8-2010 : 9278700

31-01-2011 : 4948640

15-11-2012 : 16701660

ആകെ : 30929000

സ്റ്റേറ്റ് ഷെയർ 28-08-2010 : 6157600

13-1-2011 : 350720

15-11-12 : 1183600

യു എൽ ബി ഷെയർ 09-07-10 :2100000

:1200000

31-03-16 ൽ IHSDP യുടെ അക്കൌണ്ടിൽ (യൂണിയൻ ബാങ്ക്) 23765129/- രൂപ അവശേഷിക്കുന്നു. IHSDP യുടെ വിവിധ പദ്ധതികൾക്കായി 31-03-16 വരെ ചെലവഴിച്ച തുകയുടെ വിശദവിവരം, പദ്ധതികളുടെ വിശദവിവരം എന്നിവ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം ക്രമ നം 1, 2 പദ്ധതികൾക്കായി തുക ലഭ്യമായിരിക്കേ അവ ചെലവഴിക്കാത്തതിനും ചെലവഴിക്കാത്ത തുക അതാത് സാമ്പത്തിക വർഷം നിശ്ചിത ശീർഷകത്തിൽ തിരികെ ഒടുക്കു വരുത്താതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 പി.എഫ്.വിഹിതം ഒടുക്കുന്നതിലെ കാലതാമസം - തനത് ഫണ്ടിൽ നിന്ന് 35,993/- രൂപ പിഴപ്പലിശയൊടുക്കി

നഗരസഭയിലെ ജീവനക്കാരുടെ പ്രതിമാസ ശംബളത്തിൽ നിന്ന് പിടിക്കുന്ന പി.എഫ്. വിഹിതം കൃത്യമായി സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്ക് വരുത്താത്തതിനാൽ 12/2014 മുതൽ 05/2015 വരെയുള്ള മാസങ്ങളിലെ പിഴപ്പലിശയിനത്തിൽ നഗരസഭയ്ക്ക് തനത് ഫണ്ടിൽ നിന്ന് 35,993/-രൂപ പിഴപ്പലിശ ഒടുക്കേണ്ടി വന്നു. ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവയിൽ നീക്കിയിരിപ്പ് തുക നിലനിൽക്കുമ്പോൾ ജീവനക്കാരുടെ പി.എഫ്.വിഹിതം യഥാസമയം ഒടുക്കാതെ പിഴപ്പലിശ ഒടുക്കി പാഴ്ച്ചെലവ് വരുത്തുന്നത് അംഗീകരിക്കാവുന്നല്ല. കൂടാതെ പി.എഫ്. വിഹിതം ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വരുത്തുന്നത് ജീവനക്കാർക്ക് ലഭിക്കുന്ന വാർഷിക പലിശയുടെ നഷ്ടത്തിനും കാരണമാകുന്നു. നഗരസഭയുടെ ബാങ്ക് നിക്ഷേപങ്ങളിൽ നീക്കിയിരിപ്പ് തുക നിലവിലുള്ള അവസരങ്ങളിൽ ഇത്തരത്തിൽ പിഴപ്പലിശ ഒടുക്കി നഗരസഭയുടെ തനതു ഫണ്ടിന് നഷ്ടം വരുത്തുന്ന പാഴ്ചെലവുകൾ ഒഴിവാക്കാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 21/16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറ്റ് പദ്ധതി ചെലവുകൾക്കായി ഫണ്ട് നീക്കിയിരിപ്പ് ഉറപ്പ് വരുത്തുന്നതിനാലാണ് പി.എഫ്.വിഹിതം ഒടുക്ക് വരുത്തുന്നതിൽ കാലതാമസം വരുന്നതെന്നും നിലവിൽ കാലതാമസമില്ലാതെ വിഹിതം ഒടുക്കുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിന് അധികൃതർ ലഭ്യമാക്കിയ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ജീവനക്കാരുടെ അർഹതപ്പെട്ട ആനുകൂല്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുവാൻ കാലതാമസം വരുത്താതിരിക്കുവാനും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രം പദ്ധതി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല

2015-16 സാമ്പത്തിക വർഷം നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച ചുവടെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി നം, പേര് | ചെലവഴിച്ച തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | എച്ച്. എം. | SOOO8/16, എസ്.എസ്.എ. വിഹിതം | 1500000, ഡി.ഡി.നം - 117970/21-12-15 | ജില്ലാ പ്രോഗ്രാം ഓഫീസർ, എസ്.എസ്.എ, തിരുവനന്തപുരം |

| | | | | |
|---|---|---|---|---|
| 2 | എം.ഇ, നഗരസഭ | നഗരസഭയുടെ വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 998998 ഡി.ഡി.നം. 122340/4-4-16 | എ.ഇ, കെ.എസ്.ഇ.ബി. വർക്കല |

മേൽ പറഞ്ഞിട്ടുള്ള പദ്ധതികൾ പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ബന്ധപ്പെട്ട പ്രോജക്റ്റ് ഫയലുകളിൽ സൂക്ഷിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-6 നഗരസഭയിലെ ജനറേറ്റർ പ്രവർത്തനക്ഷമമാക്കുന്നില്ല – നഷ്ടം 648000/-

2008-09 സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭ മുനിസിപ്പൽ ടൗൺ ഹാളിനു വേണ്ടി കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനിയറിംഗ് കമ്പനി ലിമിറ്റഡിൽ നിന്ന് വാങ്ങിയ 45 KVAജനറേറ്റർ നഗരസഭയുടെ ആവശ്യത്തിനായി നഗരസഭാ കോമ്പൗണ്ടിൽ സ്ഥാപിക്കുകയുണ്ടായി.

ജനറേറ്റർ വില 498000/-രൂപയും ഇൻസ്റ്റലേഷൻ ചാർജ് 150000രൂപയും ഉൾപ്പെടെ ആകെ 648000/- രൂപയാണ് പ്രസ്തുത ജനറേറ്ററിന് നഗരസഭ ചെലവ് ചെയ്തത്.എന്നാൽ നിലവിൽ ജനറേറ്റർ പ്രവർത്തനക്ഷമമല്ലാത്തതിനാൽ മെയിന്റനൻസ് നടത്തി പ്രവർത്തനസജ്ജമാക്കുന്നതിന് ടെക്നീഷ്യനെ വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ 27-01-2016 ലെ ജനറൽ കൗൺസിൽ (1നമ്പർ തീരുമാനം) തീരുമാനമെടുത്തു. 2012ജനുവരി വരെ ജനറേറ്റർ പ്രവർത്തിച്ചിരുന്നതായും പ്രസ്തുത കാലയളവ് വരെ ജനറേറ്ററിന്റെ പ്രവർത്തനത്തിനായി ഡീസൽ വാങ്ങിയിരുന്നതായും ബന്ധപ്പെട്ട ഫയലിൽ നിന്ന് വ്യക്തമാകുന്നു. ജനറേറ്റർ സ്ഥാപിച്ചതിന് ശേഷം കേരള ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് എനർജൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങുവാൻ ജനറേറ്ററിലെ ചില ഭാഗങ്ങൾ ജനറേറ്റർ നൽകിയ സ്ഥാപനം ഇളക്കിക്കൊണ്ടു പോയതായും നാളിതുവരെ ഇളക്കിയ ഭാഗങ്ങൾ തിരികെ ഏൽപ്പിക്കാത്തതായും ബന്ധപ്പെട്ട ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇളക്കിയ ഭാഗങ്ങൾ ഏതാണെന്നതിന് രേഖകളോ മറ്റ് സാക്ഷ്യപ്പെടുത്തലുകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ജനറേറ്റർ നൽകിയ വകയിൽ കമ്പനിക്ക് നഗരസഭ ഇനിയും196349/-രൂപ നൽകാനുള്ളതായും ഫയൽ വ്യക്തമാക്കുന്നു. എനർജൈസേഷൻ സർട്ടിഫിക്കറ്റിനാണോ അതോ ബാക്കി തുക നൽകാത്തതിനാണോ കമ്പനി ജനറേറ്ററിലെ ചില ഭാഗങ്ങൾ കൊണ്ട് പോയതെന്ന് വ്യക്തമല്ല.ഇത്തരത്തിൽ അവ്യക്തതകൾ നിലനിൽക്കുന്നതായി ഫയലിൽ അധികൃതർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.2008-09ൽ സ്ഥാപിച്ച ഈ ജനറേറ്റർ ഇളക്കിയ ഭാഗങ്ങളില്ലാതെ 2012 വരെ എങ്ങനെ പ്രവർത്തിച്ചുവെന്നതിനും വ്യക്തതയില്ല.

നഗരസഭാ പരിസരത്ത് സ്ഥാപിച്ചിട്ടുള്ള ജനറേറ്റർ നേരിൽ പരിശോധിച്ചതിൽ കാലപ്പഴക്കം കൊണ്ടല്ല മറിച്ച് ജനറേറ്റർ സ്ഥാപിച്ചിരിക്കുന്നതിലെ പോരായ്മയാണ് ജനറേറ്റർ കേടാകുവാൻ കാരണമായതെന്ന് മനസ്സിലായി.തറനിരപ്പിൽ നിന്ന് ഉയർത്താതെയാണ് ജനറേറ്റർ സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ മഴവെള്ളത്തിൽ നിന്ന് മതിയായ സംരക്ഷണം ജനറേറ്ററിന് ലഭിക്കുന്നില്ല. മേൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച് കൗൺസിൽ തീരുമാന പ്രകാരം അടിയന്തിരമായി ജനറേറ്റർ അറ്റകുറ്റപ്പണികൾ ചെയ്ത് സുരക്ഷിതമായി സ്ഥാപിക്കേണ്ടതും ജനറേറ്ററിലെ ഇളക്കിയ ഭാഗങ്ങൾ തിരികെ വാങ്ങി യഥാസ്ഥാനത്ത് ഘടിപ്പിക്കേണ്ടതുമാണ്. ഇനിയും ജനറേറ്ററിന് തുക ചെലവാക്കുന്നത് ഗുണകരമാണോയെന്ന കാര്യവും ഭരണതലത്തിൽ വിലയിരുത്തേണ്ടതാണ്.ജനറേറ്ററിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള 27-12-2016 ലെ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത ജനറേറ്ററിന്റെ മെയിൻറനൻസിന് ആവശ്യമായ തുക 2016-17 സാമ്പത്തികവർഷം വകയിരുത്തിയിട്ടുള്ളതായി അധികൃതർ മറുപടി ലഭ്യമാക്കി.തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം വിവരം സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

## 3-7 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - 42865/-രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതി നം. - SO189/16

പദ്ധതിയുടെ പേര് - കാക്കോട് വട്ടവിള റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

പദ്ധതി അടങ്കൽ - 1,70,000/-

പദ്ധതി ചെലവ് - 127135

ബിൽ നം. - 215/16 (1,60,000/- വികസന ഫണ്ട്,

ഡി.ഡി.നം.122638/6-4-16)

ചെക്ക് നം. - 10,000/- (തനതു ഫണ്ട്,ചെക്ക് നം. 059643/2-5-16)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ നഗരസഭ

മേൽ പദ്ധതിയുടെ നടത്തിപ്പിനായി കേരള വാട്ടർ അതോറിട്ടിയിൽ നിന്ന് ലഭ്യമായ എസ്റ്റിമേറ്റ് പ്രകാരം 1,70,000/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് നൽകി. എന്നാൽ പ്രസ്തുത പദ്ധതിക്ക് 127135/-രൂപയാണ് ആകെ ചെലവ് ചെയ്തിട്ടുള്ളത്. വാട്ടർ അതോറിട്ടിക്ക് നൽകിയ 1,70,000/-രൂപയിൽ ചെലവ് ചെയ്ത തുക 1,27,135/- രൂപ ഒഴിച്ച് ബാക്കി 42,865/-രൂപ നാളിതുവരെ നഗരസഭ വാട്ടർ അതോറിട്ടിയിൽ നിന്ന് തിരിച്ചീടാക്കിയിട്ടില്ല. പദ്ധതി പ്രകാരം ചെലവ് ചെയ്തതിന്റെ ബാക്കി തുക അടിയന്തിരമായി വാട്ടർഅതോറിട്ടിയിൽ നിന്നീടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിലനിൽക്കുന്നതായിരിക്കും.

## 3-8 താലൂക്ക് ആശുപത്രിയിൽ പവർ ലോൺട്രി നിർമാണം - അധിക നിരക്കിൽ തുക നൽകി - 64936/-രൂപ നിരാകരിക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | SO 78/16 |
| വകയിരുത്തൽ | : | 960000 (വികസന ഫണ്ട്) |
| ചെലവ് | : | 946175 |
| ബിൽ നമ്പർ | : | 27/30-12-15 |
| എം ബുക്ക് നമ്പർ | : | 65/15 |
| കരാറുകാരൻ | : | ശ്രീ ബി ദിലീപ് |
| എഗ്രിമെന്റ് നമ്പർ | : | 155/AEE/PLAN/14-15, 10-3-15 |
| നിർവഹണം | : | മുനിസിപ്പൽ എഞ്ചിനീയർ |

താലൂക്ക് ആശുപത്രി പവർ ലോൺട്രി കെട്ടിട നിർമാണം എന്ന പ്രവൃത്തിയിലെ താഴെ പറയുന്ന ഇനങ്ങൾക്ക് അധിക നിരക്കിൽ തുക നൽകിയതിനാൽ 64936/-രൂപയുടെ നഷ്ടം സംഭവിച്ചു.

(1) ഇനം നമ്പർ 1 : Earth work excavation in mechanical means over areas including disposal of excavated earth, lead upto 1.5m and lift upto 1.5m, disposed earth to be levelled and neatly dressed. All kinds of soil

ഫൗണ്ടേഷന് വേണ്ടി മണ്ണ് കുഴിച്ചെടുത്തതാണ് പ്രസ്തുത പ്രവൃത്തി. ആയതിന് DSR Code 2.2.1 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടത്. എന്നാൽ DSR 2.8.1 ലെ നിരക്ക് നൽകിയതിനാൽ താഴെ പറയും പ്രകാരം അധികം തുക ചെലവഴിച്ചു.

| ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ നിരക്ക്, തുക @ $477.48/m^3$ | നൽകാവുന്ന നിരക്ക്, തുക @$204.58/m^3$ | അധികം നൽകിയത് |
|---|---|---|---|
| $18.432m^3$ | 18.432x477.48 = 8800.91 | 18.432x204.58 = 3770.81 | 5030.10 |

(2)ഇനം നമ്പർ 3 : Random Rubble masonary with hard stone in foundation and providing and plinth includng levelling up with cement concrete 1:6:12

പ്രസ്തുത പ്രവൃത്തിക്ക് DSR Code 7.1.1 പ്രകാരമുള്ള $4706.49/m^3$ നിരക്കാണ് നൽകേണ്ടത്. എന്നാൽ $5640/m^3$ ആണ് നൽകിയിരിക്കുന്നത്.

| ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| | @ 5640/$m^3$ | @4706.49/$m^3$ | |
| 17.705$m^3$ | 17.705x5640<br>= 99856.2 | 17.705x4706.49<br>= 83328.40 | 16527.79 |

(3) ഇനം നമ്പർ 4 : Filling available excavated earth in trenches, plinth, sides of foundations etc. in layers not exceeding 20cm in depth, consolidating each deposited layer by ramming and watering, lead upto 50m and lift upto 1.5m പ്രസ്തുത പ്രവൃത്തിയിൽ 23.999$m^3$ മണ്ണ് ആണ് ഫിൽ ചെയ്യുന്നത്. ഇനം 2 പ്രകാരം 18.432$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഇനം 4 ലെ ഫില്ലിംഗിന് ഈ മണ്ണ് ഉപയോഗിച്ചില്ല.

| ഇനം 2 പ്രകാരം കുഴിച്ചെടുത്ത മണ്ണ് | ഇനം 4 പ്രകാരം ഫിൽ ചെയ്ത മണ്ണ് | ഇനം 4 പ്രകാരം ഫിൽ ചെയ്യുന്നതിനുവേണ്ടി കണക്കാക്കേണ്ട മണ്ണ് | നൽകിയ തുക @140.07 | നൽകേണ്ട തുക@140.07 | അധികം നൽകിയത് |
|---|---|---|---|---|---|
| 18.432$m^3$ | 23.999$m^3$ | 5.567$m^3$ | 23.999 x 140.07=<br>3361.54 | 5.567$m^3$ x 140.07=<br>779.76 | 2581.78 |

(4) ഇനം നമ്പർ 17: White cement washing with lime give an even shade. For new work ( three or more coat)

മേൽ പ്രവൃത്തിക്ക് DSR Code 13.37.1 പ്രകാരം നൽകേണ്ട നിരക്ക് m2 ന് 19.80/- രൂപയാണ്. എന്നാൽ DSR Code 13.77പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്.

| ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ നിരക്ക്, തുക @140.41 /$m^2$ | നൽകാവുന്ന നിരക്ക്, തുക @19.80/$m^2$ | അധികം നൽകിയത് |
|---|---|---|---|
| 292.46$m^2$ | 292.46X140.41=<br>41064.30 | 292.46 X19.80=<br>5790.70 | 35273.60 |

(5) ഇനം നമ്പർ 18: Wall painting acrylic emulsion paint of approved brand and manufacture to give an even shade for two or more coats on new work

മേൽ പ്രവൃത്തിക്ക് DSR Code 13.60.1 പ്രകാരം നൽകേണ്ട നിരക്ക് $m^2$ന് 98.88/-രൂപയാണ്. എന്നാൽ DSR Code 13.62.1പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്.

| ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ തുക @127.99 /$m^2$ | നൽകാവുന്ന തുക @98.88/$m^2$ | അധികം നൽകിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 91.68m$^2$ | 91.68X127.99= 11734.12 | 91.68X98.88= 9065.32 | 2668.80 |

(6)ഇനം നമ്പർ 19: Finishing walls with acrylic smooth exterior paint of required shade for new work(two or more coat applied ….......including priming coat of exterior primer applied @2.2kg/10m$^2$)

മേൽ പ്രവൃത്തിക്ക് Code 13.46.1 പ്രകാരം നൽകേണ്ട നിരക്ക് m2ന് 107.78/-രൂപയാണ്. എന്നാൽ DSR Code 13.47.1പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്.

| ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ തുക @124.20 /m$^2$ | നൽകാവുന്ന തുക @107.78/m$^2$ | അധികം നൽകിയത് |
|---|---|---|---|
| 173.84m$^2$ | 124.20X173.84= 21590.92 | 107.78X 173.84= 18736.47 | 2854.45 |

ക്രമ നമ്പർ 1, 2, 3, 4, 5, 6 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തി ഇനങ്ങൾക്ക് അധിക നിരക്ക് നൽകിയതുമൂലം 64,936/-രൂപയുടെ നഷ്ടം നഗരസഭക്ക് ഉണ്ടായി. വിഷയം ഓഡിറ്റ് എൻക്വയറിലൂടെ (നമ്പർ17, 24-12-16) ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ എൻക്വയറിക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പ്രവൃത്തി നിർവഹണത്തിൽ നഗരസഭക്ക് സംഭവിച്ച നഷ്ടമായ 64,936/-രൂപ സാങ്കേതിക അനുമതി നൽകിയതും നിർവഹണം വഹിച്ചതുമായ ശ്രീ. ശിവൻകുട്ടി, അസി. എഞ്ചിനീയർ, ശ്രീ. പത്മചന്ദ്രൻ നായർ സി, അസി. എഞ്ചിനീയർ, ശ്രീ സജീഷ് ആർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ഡി. പി. സി. അംഗീകാരമില്ലാത്ത പ്രവൃത്തിക്കായി തുക വകമാറി ചെലവഴിച്ചു - ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം

കൊച്ചുവിളമുക്ക് നന്ദാവനം റോഡ് മെറ്റലിംഗ്, ടാറിംഗ് (SO 103/16, വകയിരുത്തൽ 555000/-വികസന ഫണ്ട്) എന്ന പ്രവൃത്തിക്ക് വേണ്ടി 549021/-രൂപയുടെ റിക്വിസിഷൻ തയ്യാറാക്കിയിരുന്നു. എന്നാൽ 2,31,740/-രൂപയുടെ ബിൽ (ബിൽ നമ്പർ 56/31-3-16) മാറുകയും ടാക്സ് കിഴിക്കൽ കഴിച്ച് 217836/-രൂപ കരാറുകാരന് നൽകുകയും ചെയ്തു. പ്രസ്തുത പ്രോജക്ടിനായി 2,31,740/-രൂപ മാത്രമേ ലഭ്യമായുള്ളൂ എന്നും 3,23,260/-രൂപ മറ്റൊരു പ്രോജക്ടിൽ വകമാറിയിട്ടുള്ളതാണെന്നും പ്രസ്തുത ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ചെലവ് പത്രിക പ്രകാരം മേൽ പ്രോജക്ടിനായി 5,55,000/-രൂപയും ചെലവഴിച്ചതായുള്ള രേഖപ്പെടുത്തലുകളാണ് ഉള്ളത്.

3,23,260/-രൂപ മറ്റൊരു പ്രോജക്ടിലേക്ക് വകമാറി ചെലവഴിച്ചതിന്റെ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 14, 22-12-2016) ലഭിച്ച മറുപടിയിൽ 2015-16ൽ ഡി പി സി അംഗീകാരം ലഭിക്കാത്ത ഒരു പ്രവൃത്തി പണി പൂർത്തിയായതിനാൽ നിലവിലെ പ്രോജക്ടിൽ നിന്നും (കൊച്ചുവിളമുക്ക് നന്ദാവനം റോഡ് മെറ്റലിംഗ്, ടാറിംഗ്) തെറ്റായി തുക വകമാറ്റി നൽകുകയുണ്ടായെന്നും കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രസ്തുത തുക വകമാറ്റിയ ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകി. വകമാറ്റി ചെലവ് ചെയ്ത 3,23,260/-രൂപ പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിനെ ബോധിപ്പിക്കേണ്ടതുമാണ്. ഈടാക്കുന്ന തുകയിൽ നിന്നും ടാക്സ് ഇനത്തിൽ ഒടുക്കേണ്ടത് കഴിച്ചുള്ള തുക കരാറുകാരന് നൽകേണ്ടതുമാണ്.

ഡി പി സി അംഗീകാരം ലഭിക്കാത്ത പ്രവൃത്തികൾ നിർവഹണം നടത്തുന്നത് സർക്കാർ ഉത്തരവുകൾക്കും സർക്കുലറുകൾക്കും വിരുദ്ധമായതിനാൽ ഇത്തരം പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-10 പൂന്നമൂട് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം - 13579/-രൂപ നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ : SO 79/16

വകയിരുത്തൽ : 500000 (വികസന ഫണ്ട്)

ചെലവ് : 499589

ബിൽ നമ്പർ : 8/ 21-8-15

എം ബുക്ക് നമ്പർ : 36/15

കരാറുകാരൻ : ശ്രീ കെ വിശ്വനാഥക്കുറുപ്പ്

ടെണ്ടർ നിരക്ക് : 0.012% below

നഗരസഭയിലെ 32ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പുന്നമൂട് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനും സ്ലാബ് നിർമ്മിക്കുന്നതിനും പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് എന്നിവ ചെയ്യുന്നതിനുമായി വികസനഫണ്ടിൽ നിന്നും 5,00,000/-രൂപ വകയിരുത്തി ആവിഷ്കരിച്ചതാണ് ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം എന്ന പ്രവൃത്തി.

11 ഇനം പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിൽ ഇനം 3-ലെ പ്രവൃത്തിക്ക് താഴെ പറയും പ്രകാരം അധികം തുക നൽകി.

ഇനം നമ്പർ 3 (Brickwork with common burnt clay FPS (non modular class designation 7.5 foundation and plinth in cement mortar 1:6 etc. complete)

പ്രസ്തുത പ്രവൃത്തിക്ക് DSR Code 6-1-2 പ്രകാരം നൽകേണ്ട നിരക്ക് m3 ന് 6412.17/-രൂപയാണ്. എന്നാൽ DSR Code 6-4-2 (Brickwork with common burnt clay FPS non modular class designation 7.5 in superstructure above plinth level in all shapes and sizes in cement mortar 1:6) പ്രകാരമുള്ള super structure നുള്ള നിരക്കായ 7348.63/- രൂപ നൽകിയതിനാൽ പ്രസ്തുത പ്രവൃത്തിക്ക് 13578.67/- രൂപ അധികം ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.

| ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ തുക @7348.63/$m^3$ | നൽകാവുന്ന തുക @6412.17/$m^3$ | അധികം നൽകിയത് |
|---|---|---|---|
| 14.5$m^3$ | 7348.63X14.5=106555.13 | 6412.17X14.5=92976.46 | 13578.67 |

പുന്നമൂട് ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം പ്രവൃത്തിയുടെ ചുറ്റുമതിൽ നിർമാണമാണ് ആകെ ചെയ്ത പ്രവൃത്തി എന്നും പ്ലിന്ത് ലവലിന് മുകളിൽ ബ്രിക്ക് വർക്ക് ചെയ്യുന്നതിനുള്ള നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതെങ്കിലും ഫൗണ്ടേഷന് മുകളിൽ ബ്രിക്ക് വർക്ക് ചെയ്യുന്നതിനുള്ള പ്രവൃത്തിയാണ് നടന്നിട്ടുള്ളതെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18,24-12-16) മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകി. ഫൗണ്ടേഷന് മുകളിൽ ചെയ്ത പ്രവൃത്തിക്ക് പ്ലിന്ത് ലവലിന് മുകളിൽ ചെയ്യേണ്ട പ്രവൃത്തിക്ക് അനുവദനീയമായിട്ടുള്ള തുക നൽകിയതിനാൽ അധികം ചെലവായ 13578.67/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രസ്തുത തുക ഉത്തരവാദികളായ ശ്രീ. ശിവൻകുട്ടി, അസി. എഞ്ചിനീയർ, ശ്രീ. സജീഷ് ആർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## **3-11** <u>വലിയ വീട്ടിൽ ദേവി ക്ഷേത്രം ബോർണിയോ മുക്ക് റോഡ് റീ ടാറിംഗ് പ്രവൃത്തി - അളവിൽ കുറവ് - 3.27 ലക്ഷം രൂപ നിരാകരിക്കുന്നു</u>

ബിൽ നമ്പർ : 14/21-8-2015

എം ബുക്ക് നമ്പർ : 38/15

കരാറുകാരൻ : എസ് ഹരിപ്രസാദ്(0.1% below)

വകയിരുത്തൽ : 994000/- (സംരക്ഷണ ഗ്രാന്റ് - റോഡ്)

ചെലവ് : 946980/-

എഗ്രിമെന്റ് :136/AEE/plan/6.2.2015

കാലപ്പഴക്കംമൂലം പൊട്ടിപ്പൊളിഞ്ഞുകിടക്കുന്ന 800 മീറ്റർ നീളവും 3.3 മീറ്റർ വീതിയുമുള്ള വലിയ വീട്ടിൽ ദേവി ക്ഷേത്രം ബോർണിയോ മുക്ക് റോഡ് റീ ടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയത്.

എഞ്ചിനീയറിഗ് വിംഗുമായി ചേർന്ന് 28-12-2016 ന് നടത്തിയ സ്ഥല പരിശോധനയിൽ എം ബുക്ക് പ്രകാരമുള്ള അളവിനെക്കാൾ കുറഞ്ഞ അളവിലാണ് പ്രവൃത്തി നിർവഹിച്ചതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സ്ഥലപരിശോധയിൽ എം ബുക്കിനെക്കാൾ 338.5 മീറ്റർ കുറവായാണ് റീടാറിംഗ് പ്രവൃത്തികൾ നിർവഹിച്ചിട്ടുള്ളത്. ആയതിനാൽ റോഡിന്റെ വിവിധ ഭാഗങ്ങളുടെ വീതി എം ബുക്കിലെ വീതിയുമായി താരതമ്യം ചെയ്യുന്നത് പ്രായോഗികമല്ലാത്തതിനാൽ ശരാശരി വീതി 3.1 മീറ്റർ കണക്കാക്കിയാണ് റീടാർ ചെയ്ത മൊത്തം അളവ് കണ്ടെത്തിയിട്ടുള്ളത്. വിശദവിവരം ചുവടെ.

എം ബുക്ക് പ്രകാരം റീടാർ ചെയ്ത റോഡിന്റെ നീളം : 861m

AE യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധന-

യിൽ റീടാർ ചെയ്തതായി കണ്ടെത്തിയ നീളം : 522.5m

ശരാശരി വീതി : 3.10m

എം ബുക്ക് പ്രകാരം റീടാർ ചെയ്ത അളവ് : $2516.82m^2$

പരിശോധനയിൽ കണ്ടെത്തിയ അളവ് : $1619.75m^2$

<u>എം ബുക്ക് പ്രകാരം പ്രവൃത്തിക്ക് നൽകിയ തുക /ച.മീറ്റർ</u>

Item (1) Providing and applying tack coat.......@43.81 x $2516.82m^2$ :110261.88

Item (2) Providing and applying premix carpet...@203.20 x$2516.82m^2$ : 511417.82

Item (3) Providing and applying seal coat....@118.81x$2516.82m^2$ : 299023.38

ആകെ : 920703.08

ടെണ്ടർ ഡിഡക്ഷൻ കഴിച്ച് ( 0.1% കുറവ്) : <u>919782.37</u>

<u>പരിശോധനയിൽ കണ്ടെത്തിയ അളവ്</u>

Item (1) Providing and applying tack coat.......@43.81 x 1619.75 $m^2$ : 70961.24

Item (2) Providing and applying premix carpet...@203.20 x$1619.75m^2$ : 329133.2

Item (3) Providing and applying seal coat......@118.81x$1619.75m^2$ :192442.49

ആകെ : 592536.93

ടെണ്ടർ ഡിഡക്ഷൻ കഴിച്ച് ( 0.1% കുറവ്) : 591944.39

നൽകിയ തുക : 919782.37

നൽകാവുന്ന തുക : 591944.39

അധികം നൽകിയത് : 327837.98

വിഷയം ഓഡിറ്റ് എൻക്വയറിലൂടെ (നമ്പർ37/28-12-16) ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത പ്രവൃത്തിക്കായി 3,27,838/-രൂപ അധികം ചെലവായിട്ടുണ്ട്. നഷ്ടതുക കോൺട്രാക്ടറിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ അസി. എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടെ ബാദ്ധ്യതയായി തീരുന്നതാണ്.

റോഡ് നിർമാണവുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ തന്നെ നിർവഹണം നടത്തിയ റോഡിന്റെ നീളം എം ബുക്കിനെക്കാൾ 338.5 മീറ്റർ നീളം കുറവായാണ് കാണാൻ കഴിഞ്ഞത്. പ്രസ്തുത പ്രവൃത്തി നിർവഹണത്തിൽ നഗരസഭക്ക് 3,27,838/-രൂപ നഷ്ടവും സംഭവിച്ചു. അധികാരികളുടെ മേൽനോട്ടപിശകം മോണിറ്ററിംഗിന്റെ അഭാവവുമാണ് ഇത്തരത്തിലുള്ള അപാകങ്ങൾ ഉണ്ടാകാൻ കാരണം.

പ്രസ്തുത സാഹചര്യത്തിൽ 2015-16ൽ മുനിസിപ്പൽ എഞ്ചിനീയർ നിർവഹണം നടത്തിയ മറ്റ് റോഡ് പ്രവൃത്തികളുടെ ഫയലുകളിൻമേൽ ഭൗതിക പരിശോധന നടത്തുന്നതിന് വിജിലൻസിന് ശുപാർശ ചെയ്യുന്നു. വിഷയം ഭരണസമിതിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

പ്രസ്തുത പ്രവൃത്തിക്കായി കരാറുകാരായ ശ്രീ. എസ്. ശ്യാമപ്രസാദ് എസ്റ്റിമേറ്റ് റേറ്റിലും ശ്രീ. എസ്. ഹരിപ്രസാദ് 0.1% below എസ്റ്റിമേറ്റ് റേറ്റിലും ശ്രീ സജീവ് എസ് 5.555% below എസ്റ്റിമേറ്റ് റേറ്റിലും ടെണ്ടറുകൾ സമർപ്പിച്ചിരുന്നെങ്കിലും PW1-12947/14 നമ്പർ ഫയലിലെ Note File Page 21 ലെ മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ശ്രീ. സജീവ് സമർപ്പിച്ചിട്ടുള്ള ടെണ്ടർ ഒഴിവാക്കി കൗൺസിലിന്റെ 12-1-2015 ലെ 1ാം നമ്പർ തീരുമാന പ്രകാരം next lowest ആയ ശ്രീ. എസ്. ഹരിപ്രസാദിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. സജീവ് എസ്. - ന്റെ ടെണ്ടർ അംഗീകരിക്കാത്തതിന്റെ കാരണം/ബന്ധപ്പെട്ട ഫയൽ ഇവ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി/ ഫയൽ ലഭ്യമാക്കിയില്ല.

## 3-12 ടാക്ക് കോട്ടിനേക്കാൾ കൂടുതൽ ഏരിയയിൽ ചിപ്പിംഗ് കാർപ്പെറ്റും സീൽകോട്ടും -അധിക നിരക്ക് നിരാകരിക്കുന്നു.

പ്രോജക്റ്റ് -രഘുനാഥപുരം ഹോസ്പിറ്റൽ ബൈറോഡ് റീടാറിംഗ്

പ്രോജക്റ്റ് നമ്പർ-133/16

കരാറുകാരൻ-ബി.ദിലീപ് (0.001% കുറച്ച്)

അളവ് പുസ്തകം-87/15-16

എസ്റ്റിമേറ്റ്-342500 (MF-ROAD)

ബിൽ നമ്പർ-38/15-16 Dt.30.3.16

രഘുനാഥപുരം ഹോസ്പിറ്റൽ ബൈറോഡ് റീടാറിംഗ് എന്ന പ്രവൃത്തിയിൽ അളവ് പുസ്തകം പ്രകാരം ടാക്ക് കോട്ട് ഏരിയ 723.39 ചതുരശ്ര മീറ്ററാണ്. എന്നാൽ ചിപ്പിംഗ് കാർപ്പെറ്റ്,സീൽ കോട്ട് എന്നിവ 743.64 ചതുരശ്രമീറ്റർ വീതം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ചിപ്പിംഗ് കാർപ്പെറ്റിന് $743.64m^2$ X $247.51/m^2$ = 184058.33, സീൽ കോട്ടിന് $743.64m^2$ X $143.37m^2$ = 106615.67 എന്നിങ്ങനെ നിരക്ക് അനുവദിച്ചു.CPWD പ്രകാരം ടാക്ക് കോട്ട് ഏരിയയിലാണ് ചിപ്പിംഗ് കാർപ്പെറ്റും സീൽകോട്ടും ചെയ്യേണ്ടത്. ടാക്ക് കോട്ട് ഏരിയയെക്കാൾ അധികമായി വന്ന ഏരിയക്ക് നൽകിയ നിരക്ക് $20.25m^2$ X $247.51/m^2$ = 5012 + $20.25m^2$ X $143.37/m^2$ = 2903 = 7915/- രൂപ കരാറുകാരനിൽ നിന്നും തിരിച്ച് ഈടാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അധികം അനുവദിച്ച തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേലളവ് രേഖപ്പെടുത്തിയ മുനിസിപ്പൽ എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് 7-ാം നംപർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-13 മെറ്റലിന്റെയും മെറ്റലിംഗിന്റെയും അളവ് കണക്കാക്കിയതിലും നിരക്ക് അനുവദിച്ചതിലും സി.പി.ഡബ്ളിയു.ഡി. ഡി.എസ്.ആർ. മാനദണ്ഡങ്ങൾ

## പാലിച്ചില്ല. അധിക തുക നിരാകരിക്കുന്നു

പ്രോജക്ട് -ഒലിപ്പ് വിള റോഡ് ബ്രാഞ്ച് ടാറിംഗ്, റീടാറിംഗ് & ഐറിഷ് ഡ്രെയിൻ നിർമ്മാണം

പ്രോജക്ട് നമ്പർ - 171/16

കരാറുകാരൻ-കെ. വിശ്വനാഥക്കുറുപ്പ്

അളവ് പുസ്തകം-69/15-16

എസ്റ്റിമേറ്റ്-143651(MF-ROAD)

231349(13th FC)

ബിൽ നമ്പർ-33/15-16 Dt.29.2.16

ഒലിപ്പ് വിള റോഡ് ബ്രാഞ്ച് ടാറിംഗ്, റീടാറിംഗ് & ഐറിഷ് ഡ്രെയിൻ എന്ന പ്രവൃത്തിയിൽ മെറ്റലിംഗ് & ടാറിംഗ്, റീടാറിംഗ്, ഐറിഷ് ഡ്രെയിൻ എന്നീ പണികളാണുള്ളത്. എസ്റ്റിമേറ്റ് ഇനം അനുബന്ധം c പ്രകാരം മെറ്റലിംഗിനായി സ്റ്റാക്ക് ചെയ്ത മെറ്റലിൽ നിന്നും വോയ്ഡ്സ് കുറവ് ചെയ്തില്ല. ഇനം 8 പ്രകാരം 63mm-45mm അളവിൽ $12m^3$ മെറ്റൽ സ്റ്റാക്ക് ചെയ്തു. എന്നാൽ വോയിഡ്സ് കുറവ് ചെയ്തില്ല. അത് പോലെ ഇനം 9ൽ 53mm-22.4mm അളവിൽ $12m^3$മെറ്റൽ സ്റ്റാക്ക് ചെയ്തപ്പോഴും വോയിഡ്സ് കുറവ് ചെയ്തില്ല. സി.പി.ഡബ്ളിയു.ഡി.സ്പെസിഫിക്കേഷൻ 16.7.2ടേബിൾ 16.3പ്രകാരം രണ്ടിലും 7.5% ശതമാനം വോയിഡ്സ് കുറവ് ചെയ്യണമായിരുന്നു. ഇതിലൂടെയുള്ള നഷ്ടം ചുവടെ ചേർക്കുന്നു.

I. മെറ്റൽ സ്റ്റാക്കിംഗ്

എസ്റ്റിമേറ്റ് ഇനം 8. 1x30x4x.10=$12m^3$

അനുവദിച്ച തുക 12@$m^3$1926.11=23113.32

അനുവദനീയം 12-.9=11.1@1926.11=21379.82

അധികം നൽകിയത് 23113.32-21379.82=1733.5

എസ്റ്റിമേറ്റ്ഇനം 9. 1x30x4x.10=$12m^3$

അനുവദിച്ച തുക$12m^3$@1934.39=23212.68

അനുവദനീയം12-.9=11.1@1934.39=21471.72

അധികം നൽകിയത് 23212.68-21471.72=1740.96

കൂടാതെ സ്റ്റാക്ക് ചെയ്ത മെറ്റൽ ഉപയോഗിച്ച് മെറ്റലിംഗ് നടത്തുമ്പോൾ എം. ക്യൂബിലാണ് അളവ് കണക്കാക്കേണ്ടത് എന്നാൽ എം സ്ക്വയറിൽ അളവ് കണക്കാക്കുകയും ടാക്ക് കോട്ടിനുള്ള നിരക്ക് നൽകുകയും ചെയ്തു. ഇവിടെ ഡി.എസ്.ആർ 16.4ലെ നിരക്കായ607.25/$m^3$ ആണ് അനുവദനീയം. എന്നാൽ ടാക്ക് കോട്ടിനുള്ള ഡി.എസ്.ആർ 16.30.1 ലെ 76.79/$m^2$എന്ന നിരക്ക് അനുവദിച്ചു. ഇതിലൂടെയുണ്ടായ നഷ്ടം ഇനി പറയുന്നു.

II.മെറ്റലിംഗ്

എസ്റ്റിമേറ്റ് ഇനം 13

അളവ് കണക്കാക്കിയത് = 30x4=$120m^2$

കണക്കാക്കേണ്ടത് = 30x4x.075=$9m^3$

പണം അനുവദിച്ചത് - $120m^2$@76.79=9214.8

അനുവദിക്കേണ്ടത് - $9m^3$@607.25=5465.25

അധികം അനുവദിച്ചത് -9214.8 - 5465.25 = 3749.55

എസ്റ്റിമേറ്റ്ഇനം 14

അളവ് കണക്കാക്കിയത് -30x4=120m$^2$

കണക്കാക്കേണ്ടത് -30x4x.075=9m$^3$

പണം അനുവദിച്ചത് -120m$^2$@76.79=9214.80

അനുവദിക്കേണ്ടത് -9m$^3$@607.25=5465.25

അധികം അനുവദിച്ചത് -9214.8-5465.25=3749.55

ഇത് സംബന്ധിച്ച് 8-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രണ്ടിനങ്ങളിലുമായി നഗരസഭയ്ക്കുണ്ടായ 10973.56രൂപയുടെ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതും അളവ് രേഖപ്പെടുത്തിയതുമായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയതും മേലളവ് രേഖപ്പെടുത്തിയതുമായ നഗരസഭ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-14 സി.പി.ഡബ്ള്യു.ഡി.ഡി.എസ്.ആർ അനുവദിക്കാത്ത പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പണം ചെലവഴിച്ചു-നഗരസഭയ്ക്കുണ്ടായ നഷ്ടം നിരാകരിക്കുന്നു

ചുവടെ സൂചിപ്പിക്കുന്ന റോഡ് കോൺക്രീറ്റ്, റോഡ് ടാറിംഗ്, റോഡ് റീടാറിംഗ് പ്രവൃത്തികളിൽ പിഡബ്ള്യു.ഡി. സ്റ്റാൻഡാർഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള sectioning up to 150 mm and forming the surface for new roads in hard surface എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | കരാറുകാരൻ എസ്റ്റിമേറ്റ് ഫണ്ടിനം | അളവ്പുസ്തകം | ഏരിയയും നിരക്കും | തുക | ബിൽ നമ്പരും തീയതിയും | നഷ്ടം |
|---|---|---|---|---|---|---|---|
| 1 | കുന്നിൽ ഇടവഴി കോൺക്രീറ്റ് 125/16 | എസ്. ശ്യാമപ്രസാദ് (.01%കുറവ്) 330000 (13thFC) | 94/15-16 | 296.6@27.30/m$^2$ | 8097.18 | 52/15-16 Dt.31.3.16 | 8097.18 |
| 2 | കൈതക്കോണം കിഴക്കേവയൽ റോഡ് കോൺക്രീറ്റ് 166/16 | സർജൻ(എസ്റ്റിമേറ്റ് റേറ്റ്) 393000 (13thFC) | 90/15-16 | 332.5@27.30/m$^2$ | 9077.25 | 51/15-16 Dt.31.3.16 | 9077.25 |
| 3 | ഒലിപ്പ്‌വിള റോഡ് ടാറിംഗ് &ഐറിഷ് ഡ്രെയിൻ 171/16 | വിശ്വനാഥക്കുറുപ്പ് .കെ (എസ്റ്റിമേറ്റ് റേറ്റ്) 231349913thFC) 1436519MF-R) | 69/15-16 | 110@ 27.30 | 3003 | 32/15-16 Dt.29.2.16&33/15-16 Dt.29.2.16 | 3003 |
| 4 | തുരപ്പിൻമുഖം കൃഷ്ണൻകോവിൽ വലതുവശം ഇടറോഡ് കോൺക്രീറ്റ് 165/16 | എസ്. സജീവ്(എസ്റ്റിമേറ്റ് റേറ്റ്) 280000 (13th FC) | 80/15-16 | 270@ 27.30/m$^2$ | 7371 | 43/15-16 Dt.29.3.16 | 7371 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ചാലുവിള കനാൽ റോഡ് കോൺക്രീറ്റ് 127/16 | സുഗുണാനന്ദൻ(0.02%കുറച്ച്) 150000 (13thFC) | 71/15-16 | 130.2@ 27.30 | 3554.46 | 54/15-16 Dt.31.3.16 | 3554.46 |
| 6 | ചാലുവിള ഇടറോഡ് കോൺക്രീറ്റ് 124/16 | പ്രദീപ്(0.01%കുറച്ച്) 410000 (13th FC) | 78/15-16 | 392@ 27.30/$m^2$ | 10701.6 | 39/15-16 Dt.30.3.16 | 10701.6 |
| 7 | കല്ലംകോണം വിളയിൽ റോഡ് കോൺക്രീറ്റിംഗ് 126/16 | എസ്. ഹരിപ്രസാദ്(0.01%കുറച്ച്) 390000 (13thFC) | 98/15-16 | 375@ 27.30/$m^2$ | 10237.50 | 69/15-16 Dt.31.3.16 | 10237.5 |
| 8 | വിളയിൽ ക്ഷേത്രം ഇടറോഡ്കോൺക്രീറ്റ് 123/16 | എസ്. സനൽകുമാർ(.02%കുറവ്) 210000 (13thFC) | 82/15-16 | 287.8@ 27.30/$m^2$ | 7856.94 | 42/15-16 Dt.29.3.16 | 7856.94 |

സി.പി.ഡബ്ളിയു.ഡി പ്രകാരം സെക്ഷനിംഗ് പ്രവൃത്തി ഇല്ല.സെക്ഷനിംഗ് എന്ന പ്രവൃത്തി സ്റ്റാൻഡാർഡ് ഡാറ്റാ ബുക്ക് പ്രകാരവും എസ്. ഒ. ആർ അനുസരിച്ചും 2013-14വരെ നൽകിവന്നതാണ്. 2014-15മുതൽ എസ്റ്റിമേറ്റ്തയ്യാറാക്കേണ്ടത് സി.പി.ഡബ്ളിയു.ഡി. പ്രകാരവും ഡി.എസ്.ആർ നിരക്ക് അനുസരിച്ചും ആണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ നിലവിൽ ഇല്ലാത്ത ഡാറ്റ ഉൾപ്പെടുത്തിയതിന് വിശദീകരണം നൽകുകയും ഈയിനത്തിൽ ചെലവാക്കിയ 59898.93രൂപ കരാറുകാരിൽ നിന്നും തിരിച്ചീടാക്കുകയും വേണം. ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റ് അംഗീകരിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-15 മരാമത്ത് ഫയലുകൾ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ സൂചിപ്പിക്കുന്ന മരാമത്ത് ഫയലുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതികൾ പ്രകാരം നടത്തിയ ചെലവുകളുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് അന്വേഷണ കുറിപ്പ് 30ലൂടെ ഫയൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ഇവ നൽകിയിട്ടില്ല. അതിനാൽ ഇവയിലൂടെയുള്ള ചെലവ് തുകയായ 844037രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ നൽകുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നംപരും പേരും | എസ്റ്റിമേറ്റ് | ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | ഫയൽ ആവശ്യപ്പെട്ട് എൻക്വയറി നൽകിയ വിവരം | മറുപടി |
|---|---|---|---|---|---|
| 1 | 60/16-മുനിസിപ്പൽ ബസ്സ്റ്റാന്റ് യാർഡ് റീടാറിംഗ്,കോൺക്രീറ്റ്. | 1080000<br>175957<br>(13thFC)<br>904043(MF-ROAD) | 570321(MF-ROAD) | എൻക്വയറി<br>നമ്പർ 19തീയതി<br>24.12.2016 | ലഭ്യമാക്കിയിട്ടില്ല |
| 2 | 96/16-തുരപ്പിൻമുഖം കൃഷ്ണൻകോവിൽ റോഡ് ഇടറോഡ് റീടാറിംഗ് | 280413<br>(MF-R) | 273716 | | ലഭ്യമാക്കിയിട്ടില്ല |

## 3-16 വീടിനു സ്ഥലം വാങ്ങൽ - മാർഗ്ഗരേഖ ലംഘനം

പ്രോ.ജ.നമ്പർ:31/2016 : ഭൂമിവാങ്ങൽ

നിർവ്വഹണം : പട്ടികജാതി വികസന ഓഫീസർ

തുക : 1,44,75000/-( വികസനഫണ്ട്)

1) ബിൽ നമ്പർ :25/LL/VM/15-16

തീയതി : 21/3/2016

തുക : 4,50,000/-

2) ബിൽ നമ്പർ : 30/LL/VM/15-16

തീയതി : 21/3/2016

തുക : 900000/-

3). ബിൽ നമ്പർ : 32/LL/VM/15-16

തീയതി : 22/03/16

തുക :25,50,000/-

4). ബിൽ നമ്പർ : 35/LL/VM/15-16

തീയതി : 26/03/2016

തുക : 4,50,000/-

5). ബിൽ നമ്പർ : 37/LL/VM/15-16

തീയതി : 28/03/2016

തുക : 18,00,000/-

6). ബിൽ നമ്പർ : 38/LL/VM/15-16

തീയതി : 28/03/2016

തുക :22,50,000/-

7). ബിൽ നമ്പർ : 40/LL/VM/15-16

തീയതി : 31/03/2016

തുക : 7,50,000/-

8). ബിൽ നമ്പർ : 41/LL/VM/15-16

തീയതി : 31/03/2016

തുക :48,75,000/-

9). ബിൽ നമ്പർ : 39/LL/VM/15-16

തീയതി :28/03/2016

തുക: 4,50,000/-

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

മാർഗ്ഗരേഖ അനുബന്ധം : 16 ഖണ്ഡിക : (3) 3(6) (3) പ്രകാരം വീടിനു സ്ഥലം വാങ്ങൽ (പട്ടികജാതി വിഭാഗം) എന്ന പദ്ധതി പ്രകാരം മുൻസിപ്പൽ പരിധിയിൽ 3 ലക്ഷം രൂപയ്ക്ക് കുറഞ്ഞത് രണ്ട് സെന്റ് സ്ഥലം വാങ്ങണം (തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 2.02.2016 ലെ ഉ (സാധാ) നമ്പർ420/16/ തസ്വഭവ. 9/10/2014 –ലെ .ഉ (കൈ) നമ്പർ.73/2014/ പട്ടികജാതി വികസന സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം) മുൻസിപ്പൽ പരിധിയിൽ വരുന്നവർക്ക് 3

സെന്റ് 4.50 ലക്ഷം രൂപ നൽകാം എന്നിരിക്കെ സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്തേണ്ടതാണ്. മേൽ പ്രോജക്ട് പ്രകാരം 33ഗുണഭോക്താക്കളിൽ അധികം പേരും 3സെന്റിൽ അധികം വസ്തു വാങ്ങിയതായി രേഖകളിൽ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര്, വിലാസം | ആകെ വസ്തു | ഡി.ഡി. നമ്പർ / തീയതി |
|---|---|---|---|
| 1 | സജിത,<br>കാക്കോട്,<br>പുതുമൽ വീട് | 5 സെന്റ് | 4.5 ലക്ഷം ഡി.ഡി :120611<br>തീയതി : 17/03/16 |
| 2 | സുനിത,<br>രണ്ടാതിയിൽ വീട്,<br>വർക്കല | 5 | 4.5 ലക്ഷം<br>121094/22.3.2016 |
| 3 | ചിന്നു<br>കനാൽമുക്ക്, ശിവഗിരി | 4 | 121126/22/3/2016 |
| 4 | സുമ,<br>കുന്നിൽവീട്,ശിവഗിരി | 4 | 121199/23.3.2016 |
| 5 | ഷിജി.എം, പൗർണ്ണമി,വർക്കല | 5 | 121199/23.03.2016 |
| 6 | സുനിമോൾ, വയലിൽ വീട്, വർക്കല | 5 | 121200/23/3/2016 |
| 7 | മനു, അതുല്യാരാജൻ<br>കലംപെട്ടിവിള | 10 (ഗ്രാമപഞ്ചായത്ത്) | 122334<br>/4.4.2016 |
| 8 | മിനി എസ്.<br>കനൽപുറം, ചാലവിള | 5 | 121762/<br>30.3.2012 |
| 9 | അംബു ,<br>തേക്കുവിള വീട്<br>മൈതാനം,വർക്കല | 4 | 121765/30.03.2016 |
| 10 | ബിനിത, സിനിഭവൻ, വർക്കല | 10 സെന്റ് | 12233/4/4/2016 |

വീട് നിർമ്മാണത്തിന് യോഗ്യതയില്ലാത്ത വസ്തുവാങ്ങുന്നതിലൂടെ വരും വർഷങ്ങളിൽ ഇതേ ഗുണഭോക്താവിന് ലഭിക്കാനിടയുള്ള ഭവനനിർമ്മാണം പദ്ധതിയിൽ വീട് നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയാതെ വരുന്നതായി മുൻവർഷ

അനുഭവങ്ങൾ തെളിയിക്കുന്നു. ഇത് ഒഴിവാക്കാനായി മാർഗ്ഗരേഖാ പ്രകാരം പദ്ധതി നടപ്പലാക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-17 വീടിന് ധനസഹായം - പണി പൂർത്തികരിച്ചിട്ടില്ല

എ) പ്രോ.ജ.നമ്പർ:45/16

വാസയോഗ്യമായ വീടില്ലാത്തവർക്ക് വീട് വയ്ക്കാനുള്ള ധനസഹായം (വനിതകൾ)

അടങ്കൽ -3495000/- (SCP)

ചെലവ് :140000/- (വികസനഫണ്ട്)

ബിൽ നമ്പർ : 3/HG/VM/15-16

തീയതി : 22/9/2015 -- 1,40,000/-

ബി) പ്രോജക്റ്റ് നമ്പർ- 46/16

അടങ്കൽ - 32,00,000/-

ചെലവ് :

ബിൽ നമ്പർ : 48/HG/VM/15-16/22.09.2015 - 1,80,000/-

2012-13 സാമ്പത്തിക വർഷത്തിൽ 19 ഗുണഭോക്തക്കൾക്കായി നടപ്പിലാക്കിയ പദ്ധതിയിൽ നാളിതുവരെ 7 പേർ മാത്രമാണ് പണിപൂർത്തീകരിച്ചത്. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു. പണിപൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പൂർത്തീകരിക്കാത്തവരുടെ, പേര്, വിലാസം | 1 ഗഡു | 2ഗഡു | 3ഗഡു | 4ഗഡു |
|---|---|---|---|---|---|
| 1 | ഇന്ദിര<br>ചാരുവിള വീട് | 20,000<br>842011<br>18/3/14 | 60,000<br>846461<br>18/8/14 | | |
| 2 | മല്ലിക,<br>പുതുവൽ വീട് | 20,000<br>842012<br>18/3/14 | 60,000/-<br>846460<br>18/8/14 | 60,000/-<br>665440<br>30/3/15 | 40,000/-<br>116518<br>28/9/2015 |
| 3 | സുജാത<br>തെങ്കുഴികം | 20,000/-<br>842013<br>18/3/14 | 60,000/-<br>846459<br>18/8/14 | 60,000/-<br>398271<br>20/1/15 | |
| 4 | ഐന<br>അമ്പുവരസിവിള | 20,000/-<br>842014<br>18/3/14 | 60,000/-<br>317039<br>30/9/14 | | |
| 5 | അമ്പിളി<br>സാവത്രി | 20,000/-<br>843058 | | | |

| | | | | | |
|---|---|---|---|---|---|
| | | 26/3/14 | | | |
| 6 | അമ്പിളി<br>കൊല്ലയിൽവീട് | 20,000/-<br>843995<br>31/3/14 | 60,000/-<br>398295<br>20/1/15 | | |
| 7 | പ്രമീള<br>കുന്നിൻപുറത്ത് വീട് | 20,000/-<br>843996<br>31/3/14 | 60,000/-<br>317038<br>30/9/14 | 60,000/-<br>398898<br>13/3/15 | |
| 8 | ശോഭന<br>ചന്ദ്രവിളവീട് | 20,000/-<br>844512<br>9/4/14 | 60,000/-<br>844509<br>9/4/14 | | |
| 9 | അശ്വതി,<br>കല്ലുവിളവീട് | 20,000/-<br>844512<br>9/4/14 | 60,000/-<br>664848<br>27/3/15 | | |
| 10 | പാർവ്വതി<br>തൊടിയിൽവീട്<br>മുണ്ടമിൽ | 20,000/-<br>398896<br>13/12/15 | | | |

(സി) പ്രോജക്റ്റ് നമ്പർ: 46

വാസയോഗ്യമായ വീടില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം (പട്ടികജാതി)

തുക :1,80,000/-( വികസനഫണ്ട്)

ബിൽ നമ്പർ : 4/HG/VM/15-16

തീയതി : 22/9/2015

| | | | | |
|---|---|---|---|---|
| 1 | കൃഷ്ണവതി<br>തേക്കുവിള | 20,000/-<br>175388<br>21/8/13 | 60,000/-<br>843993<br>31/3/14 | 60,000/-<br>664987<br>30/3/15 |
| 2 | അനി<br>തണ്ണിക്കുഴിവിള | 20,000/-<br>175391<br>21/8/13 | | |

| | | | | |
|---|---|---|---|---|
| 3 | സുശീലൻ<br>ചാരുവിള വീട് | 20,000/-<br>175925<br>11/9/13 | | |
| 4 | ജയപ്രകാശ്<br>ഈഞ്ചയിൽ | 20,000/-<br>842000<br>18/3/14 | | |

വീട് പണി പൂർത്തീകരിക്കാൻ വേണ്ട സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-18 ഭവന നിർമ്മാണം പൂർത്തികരിച്ചില്ല - നടപടികൈകൊള്ളേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നമ്പർ: 117/2016

(ഭവനനിർമ്മാണം - ജനറൽ)

തുക : 30,0000/-(വികസന ഫണ്ട്)

ബിൽ നമ്പർ : 10/15-16 തീയതി 21/10/2015 തുക 200000/-

25/15-16 തീയതി 16/03/2016 തുക 50000/-

34/15-16 തീയതി 31/03/2016 തുക 50000/-

2013-14 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആരംഭിച്ച ഭവനനിർമ്മാണം (ജനറൽ) പദ്ധതിയിൽ ആകെ '25' ഗുണഭോക്തക്കൾ ആണ് ഉണ്ടായിരുന്നത്. നാളിതുവരെ '19'പേർക്ക് ആനുകൂല്യം മുഴുവനായി നൽകിയിട്ടുണ്ടെങ്കിലും '6' പേരിൽ 4 പേർക്ക് രണ്ടു ഗഡുക്കളും, 2 പേർക്ക് ഒന്നാം ഗഡു മാത്രം നൽകുകയും ചെയ്തിരിക്കുന്നു. ടി ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ, അല്ലാത്ത പക്ഷം നൽകിയ തുക 18% പലിശ സഹിതം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-19 വികലാംഗർക്ക് മുച്ചക്ര വാഹനം പദ്ധതി നടപ്പാക്കിയിട്ടില്ല -8,58,000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ:S0206/16

പ്രോജക്ടിന്റെ പേര് : വികലാംഗർക്ക് മുച്ചക്രവാഹനം

നിർവ്വഹണം : മെഡിക്കൽ ഓഫീസർ

അടങ്കൽ - 10,35,000/-

ചെലവ് - 8,58,000/- (8,28,000 - വികസന ഫണ്ട്, 30000/- തനതു ഫണ്ട്)

ബിൽ നമ്പർ : 1156/B3/2016/HPWC തീയതി 30.03.2016, തുക - 643500/-

ബിൽ നമ്പർ - 1156/B3/2016/HPWC തീയതി 23.03.2016, തുക - 2,14,500/-

തനത് ഫണ്ട് - 30,000/-

ഇൻവോയിസ് നം.1156/B3/2016/HPWC തീയതി 23.03.2016, തുക - 214500/-

ഇൻവോയിസ് നം.1156/B3/2016/HPWC തീയതി 30.03.2016, തുക - 6,43,500/-

മേൽ പ്രോജക്ട് പ്രകാരം നഗരസഭാ പരിധിയിൽ വരുന്ന വികലാംഗരായ 12 പേർക്ക് മുച്ചക്രവാഹനം നൽകുക എന്ന

പദ്ധതിയാണ് നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്നത്. 28.07.2015-ലെ അടിയന്തിര കൗൺസിൽ തീരുമാന പ്രകാരം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും സ്കൂട്ടർ/മുച്ചക്ര വാഹനം വാങ്ങാമെന്ന സ.ഉ.(ആർ.റ്റി.) നം.279/2014/സാ.നീതി.വ. തീയതി 24.04.2014) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മുച്ചക്രവാഹനങ്ങൾ വാങ്ങുന്നതിനായി (ബിൽ നം.1156/B3/2016/HPWC, തീയതി 3.03.2016, 30.03.2016) പ്രകാരം 12 മുച്ചക്രവാഹനങ്ങൾക്ക് 71500/-രൂപ നിരക്കിൽ 8,28,000/-രൂപ പദ്ധതി വിഹിതവും 30,000/-രൂപ തനത് ഫണ്ടും ചേർത്ത് മൊത്തം 8,58,000/-രൂപ നൽകുകയുണ്ടായി. എന്നാൽ പ്രോജക്ടിനു വേണ്ടി ചമച്ച കരാർ പ്രകാരം തുക കൈപ്പറ്റി രണ്ടു മാസത്തിനകം വാഹനങ്ങൾ നൽകാമെന്ന വ്യവസ്ഥ നാളിതുവരെ (20/12/2016) പാലിക്കുകയുണ്ടായില്ല. ആയതിനാൽ 858000/- രൂപ തടസ്സപ്പെടുത്തുന്നു. അടിയന്തിരമായി പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം 858000/- രൂപ 18% പലിശ സഹിതം ടി സ്ഥാപനത്തിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർക്കും ഇത് സംബന്ധിച്ച തീരുമാനം എടുത്ത കൗൺസിൽ യോഗത്തിൽ സന്നിഹിതരായിരുന്ന കൗൺസിൽ അംഗങ്ങളുടെയും ബാധ്യതയായി പരിഗണിച്ച് സർച്ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-20 ആശ്രയ- നടത്തിപ്പ് പരാജയം

പ്രോജക്ട് നമ്പർ: 109 /16

പ്രോജക്ടിന്റെ പേര് : ആശ്രയ പ്രോജക്ട്

വകയിരുത്തിയത് : 20,00,000/-

ചെലവഴിച്ചത് : Nil

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

മാർഗ്ഗരേഖ അനുബന്ധം 14 പ്രകാരം ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കു വേണ്ടി 'ആശ്രയ' പ്രോജക് ഉണ്ടായിരിക്കണം എന്ന രീതി പിൻതുടരുന്നില്ല. ആശ്രയ ഫണ്ടിനത്തിൽ (പ്ലാൻ ഫണ്ട്) ആകെ 2026,327/- രൂപ അക്കൗണ്ടിൽ നിലനിൽക്കുന്നുണ്ടെങ്കിലും, വർഷങ്ങളായി ചെവഴിക്കുന്നില്ല. . ആശ്രയ മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ടൊ എന്ന ഓഡിറ്റ് എൻക്വയറി .9 നുള്ള മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖ ഖണ്ഡിക : X(1) (2) (3) (4) (5) എന്നവയിലെ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ആകെ ഗുണഭോക്താക്കൾ 110,വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ 46, കക്കൂസ് ആവശ്യമുള്ളവർ 10, കുടിവെള്ളം ആവശ്യമുള്ളവർ 68 എന്നിരിക്കെ ആർക്കും തന്നെ ആവശ്യമായ ധനസഹായം നൽകാത്തത് ഗുരുതര വീഴ്ചയാണ്.

## 3-21 പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സ്കോളർഷിപ്പ് സർക്കാർ വിഭാവനം ചെയ്ത നിരക്കിൽ നൽകുന്നില്ല.

പ്രോജക്ട് നമ്പർ: 118/16

ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് / ബത്ത

വകയിരുത്തിയത് :96,000/-

ചെലവഴിച്ചത് : 66,000/-

ബിൽ നമ്പർ : 27/15-16

തീയതി : 21/3/2016

പദ്ധതി മാർഗ്ഗരേഖ അനുബന്ധം -16 ഖണ്ഡിക 5(8) (ബി) പ്രകാരം ശാരീരിക-മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ സ്കോളർഷിപ്പ്, വസ്ത്രങ്ങൾക്കുള്ള ബത്ത, പഠനോപകരണങ്ങൾക്കുള്ള ബത്ത, യാത്രാബത്ത തുടങ്ങിയവയ്ക്ക് ആനുകൂല്യം നൽകാമെന്നിരിക്കെ മേൽ പദ്ധതി പ്രകാരം ആകെ വകയിരുത്തിയത് 96,000/- രൂപയാണ്. നഗരസഭാപരിധിയിൽ ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർ എത്രയുണ്ടെന്നുള്ളതിന് സ്ഥാപനത്തിനു കണക്കില്ല എന്നതാണ് തുക വകയിരുത്തുന്നതിൽ വീഴ്ച ഉണ്ടാകുവാനും വകയിരുത്തിയ തുക പോലും ചെലവ് ചെയ്യുന്നതിന് കഴിയാതെ വരുന്നതിനും കാരണമാകുന്നത്. ഇതിന് ഭരണ സമിതി മുൻകൈ എടുത്ത് ടി വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും അർഹതപ്പെട്ടവർക്ക് ആനുകൂല്യം നൽകുവാൻ നടപടി എടുക്കുകയും ചെയ്യേണ്ടതാണ്.

## 3-22 ആസ്തി സംരക്ഷണത്തിലെ വീഴ്ച - 273280/-രൂപയുടെ വാഹനം തുരുമ്പെടുത്ത് നശിക്കുന്നു

പ്രോജക്റ്റ് നമ്പർ: 31/10-11

രണ്ടു ആപ്പേ വാങ്ങൽ

അടങ്കൽ തുക :290000/- (വികസനഫണ്ട്)

ചെലവ് തുക : 273280/-

ബിൽ നമ്പർ : 5/10

തീയതി : 24/7/10

മേൽ പ്രോജക്റ്റ് പ്രകാരം Siddhi Vinayaka Automobiles – ൽ നിന്നും invoice no. 379 പ്രകാരം നഗരസഭാപരിധിയിൽ വരുന്ന ചവറുകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി രണ്ടു വാഹനങ്ങൾ വാങ്ങുകയുണ്ടായി. (KL.16 F-7598, KL-16F.7599) Road Transport Act ന് വിരുദ്ധമായി കൂടുതൽ ചവർ ശേഖരിക്കുന്നതിന്റെ ഭാഗമായി Extra body fit ചെയ്തതിനാൽ ടി വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചില്ല. ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും അധികമായി ഉൾക്കൊള്ളിച്ച ഭാഗങ്ങൾ മാറ്റി വാഹനങ്ങൾ പഴയ രീതിയിൽ എത്തിച്ചാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാമെന്ന ഉറപ്പ് നൽകിയിട്ടും നഗരസഭയുടെ ഭാഗത്ത് നിന്നും യാതൊരു തുടർനടപടിയും എടുക്കുകയുണ്ടായില്ല. വാഹനങ്ങൾ ഏതെങ്കിലും അംഗീകാരമുള്ള വർക്ക്ഷോപ്പിൽ എത്തിച്ച് പഴയപടിയാക്കാൻ നഗരസഭയിൽ ജോലി നോക്കുന്ന രണ്ട് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല. വികസനഫണ്ടിൽ നിന്നും 2,73,280/-രൂപ ചെലവഴിച്ചിട്ടും നാളിതുവരെ ഒരു രൂപയുടെ പ്രയോജനം പോലും ലഭ്യമാക്കാനാകാതെ വാഹനങ്ങൾ നഗരസഭാപരിസരത്തു തുരുമ്പെടുത്ത് നശിക്കുകയാണ്. ഇതിന് അടിയന്തര പരിഹാരം ഉണ്ടാക്കേണ്ടതും ഫിറ്റ്നസ് ലഭിക്കുന്നതിന് ആവശ്യമായ നടപടിയെടുക്കുന്നതിന് ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥർക്കുണ്ടായ വീഴ്ചയിന്മേൽ നടപടി എടുക്കുന്നതിനും ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്.

## 3-23 ദാരിദ്ര്യ നിർമ്മാർജനം - ആസൂത്രണം ചെയ്ത് തുക വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കിയില്ല

ദാരിദ്ര്യ നിർമ്മാർജനം ലക്ഷ്യമാക്കി പ്രോജക്റ്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആശ്രയ (നം.188/16, പദ്ധതി അടങ്കൽ 24,80,000/- രൂപ), ഭവനപുനരുദ്ധാരണം (നം.208/16, പദ്ധതി അടങ്കൽ 49,50,000/- രൂപ), ഇ.എം.എസ്.ഭവന വായ്പാ തിരിച്ചടവ് (നം. 210/16, പദ്ധതി അടങ്കൽ 3,00,000/- രൂപ), ഭവന നിർമ്മാണം (നം.211/16, പദ്ധതി അടങ്കൽ 45,00,000/-രൂപ) എന്നീ നാല് പദ്ധതികൾ തൻ വർഷം നഗരസഭ ആസൂത്രണം ചെയ്തു. എന്നാൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി വകയിരുത്തിയ 1,22,30,000/-രൂപയിൽ ഇ.എം.എസ്.ഭവന വായ്പാ തിരിച്ചടവിനായി 3,00,000/- രൂപ മാത്രമാണ് തൻവർഷം ദാരിദ്ര്യനിർമാർജനവുമായി ബന്ധപ്പെട്ട് ചെലവ് ചെയ്തിട്ടുള്ളത്. തൻവർഷം സമൂഹത്തിലെ ദുർബലരായ ജനങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായുള്ള ദാരിദ്ര്യ നിർമാർജന പദ്ധതിക്കായി നഗരസഭ യാതൊരു തുകയും ചെലവ് ചെയ്തിട്ടില്ല. ദാരിദ്ര്യ നിർമാർജനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് തുക വകയിരുത്തിയ ശേഷം പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാത്തത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതെ നഗര ദാരിദ്ര്യ നിർമാർജനത്തിന് പരമാവധി തുക വകയിരുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി ലക്ഷ്യം കൈവരിക്കേണ്ടതാണ്. ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പിലാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 22-12-2016 ലെ 12/16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അധികൃതർ യാതൊരു വിശദീകരണവും ലഭ്യമാക്കിയിട്ടില്ല.

## 3-24 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

2015-16 സാമ്പത്തിക വർഷം നഗരസഭയിൽ വിവിധ ചെലവുകളുമായി ബന്ധപ്പെട്ട് നല്കിയ മുൻകൂറുകളിൽ ചുവടെ ചേർത്തിട്ടുള്ളവ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | ഇനം | അനുവദിച്ച തുക | ഡി. ഡി. നം. തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | നഗരസഭ വാഹന റിപ്പയറിംഗ് ചാർജ്ജ് | 5000 | 058232/16.04.15 |
| 2 | ഇലക്ട്രിഫിക്കേഷൻ ചാർജ്ജ് | 2500 | 058256/16.05.15 |
| 3 | ത്രീഫേസ് മാറ്റുന്നതിനുള്ള ചാർജ്ജ് | 4500 | 058267/6.06.15 |
| 4 | തെങ്ങുകൾ മുറിക്കുന്നതിന് | 4500 | 058269/17.06.15 |
| 5 | ചവർ മാറ്റുന്നതിന് | 25000 | 058273/19.06.15 |
| 6 | ലോറിയുടെ ഇൻഷുറൻസ് പുതുക്കുന്നതിന് | 20498 | 058283/27.06.15 |
| 7 | ജീപ്പിന്റെ ഇൻഷുറൻസ് പുതുക്കുന്നതിന് | 11935 | 058283/27.06.15 |
| 8 | കാർ റിപ്പയറിംഗ് ചാർജ്ജ് | 50000 | 058918/05.08.15 |
| 9 | പുന്നമൂട് മാർക്കറ്റ് നവീകരണം | 10000 | 058927/05.08.15 |
| 10 | ചെയർമാന്റെ ഓഫീസിൽ ചെയർ വാങ്ങുന്നതിന് | 8000 | 058913/06.08.15 |
| 11 | കർഷകദിനം ചെലവ് | 10000 | 058916/12.08.15 |
| 12 | പോളിംഗ് സ്റ്റേഷൻ അടിസ്ഥാന സൗകര്യം | 50000 | 058972/14.10.15 |
| 13 | പോളിംഗ് സ്റ്റേഷൻ അടിസ്ഥാന സൗകര്യം | 40000 | 058980/26.10.15 |
| 14 | സത്യപ്രതിജ്ഞാ ചടങ്ങ് | 40000 | 058990/11.11.15 |
| 15 | അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നത് | 50000 | 058991/12.11.15 |
| 16 | ശിവഗിരി തീർത്ഥാടനം | 10000 | 059401/20.11.15 |
| 17 | സാധനങ്ങൾ വാങ്ങുന്നത് | 20000 | 059407/26.11.15 |

| | | | |
|---|---|---|---|
| 18 | ശിവഗിരി തീർത്ഥാടനം | 50000 | 059414/10.12.15 |
| 19 | ജീപ്പ് റിപ്പയറിംഗ് ചാർജ്ജ് | 10000 | 059435/20.01.16 |
| 20 | നികുതി പിരിവ് അഡ്വാൻസ് | 10000 | 059445/09.02.16 |
| 21 | വാഹനം സർവ്വീസ് ചെയ്യുന്നതിന് | 10000 | 059447/24.02.16 |

ജി.ഒ. (പി) 419/2011 ധനം 04.10. 2011 ,(കെ എഫ് സി അനുച്ഛേദം 99) ഉത്തരവ് പ്രകാരം അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ബില്ലുകൾ സമർപ്പിച്ച് തുക അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. അപ്രകാരം ചെയ്യാത്ത പക്ഷം 18% പലിശ നിരക്കിൽ തുക തിരികെ ഈടാക്കേണ്ടതാണ്. അഡ്വാൻസുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-25 എച്ച്.എം. കാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

സർക്കാർ ഉത്തരവ് (പി)177/2006, ധനം.12-04-2006 പ്രകാരം പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ ടി.ആർ- 7 എ കാഷ് ബുക്കിൽ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ എച്ച്.എം. 2015-16സാമ്പത്തിക വർഷം കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ഓരോ സാമ്പത്തിക വർഷവും പദ്ധതികളുടെ നിർവ്വഹണത്തിനായി ലക്ഷക്കണക്കിന് രൂപയാണ് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ പിൻവലിക്കുന്നത്. ആയതിനാൽ പദ്ധതികളുടെ നടത്തിപ്പിന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ പിൻവലിക്കുന്ന തുകയെ സംബന്ധിച്ചുള്ള വിവരം കാണിക്കുന്ന കാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഓഡിറ്റ് വേളയിൽ ഹാജരാക്കേണ്ടതുമാണ്. എന്നാൽ വരവ് ചെലവ് തുകകളുടെ കൃത്യമായ വിവരം ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു രജിസ്റ്റർ (പ്രോജക്ട് രജിസ്റ്റർ) നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി.

## 3-26 സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം - അപാകതകൾ

2015-16 സാമ്പത്തിക വർഷം തൊഴിലില്ലായ്മ വേതന വിതരണത്തിനും വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണത്തിനുമായി നഗരസഭ 35141415 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതികളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും നഗരസഭ കൃത്യതയോടെ പരിപാലിക്കുന്നില്ല. ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് നഗരസഭ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുത്തിരിക്കുന്നു.

(എ) ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട് ലഭിച്ചതും അനുവദിച്ചതും നിരസിച്ചതുമായ അപേക്ഷകളെ സംബന്ധിക്കുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

(ബി) വിതരണം ചെയ്യുന്ന പെൻഷനുകളെ സംബന്ധിക്കുന്ന വിതരണ രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല.

(സി) ക്ഷേമ പെൻഷനുകൾക്കായി ലഭിക്കുന്ന അപേക്ഷകൾ അതാതു വാർഡുകളിലെ ഗ്രാമസഭകളുടെ അംഗീകാരം ലഭ്യമാക്കി ആയിരിക്കണം പെൻഷൻ അനുവദിക്കേണ്ടതെന്ന് 57414/ഡി.പി-1/03/ത.സ്വ.ഭ.വ, തിയതി. 18-12-2003 നമ്പർ ഗവ.സർക്കുലർ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) പെൻഷൻ ലഭിക്കുന്ന വ്യക്തികൾ ജീവിച്ചിരിപ്പുണ്ടോയെന്നും മറ്റ് വരുമാനം ലഭിക്കുന്നുണ്ടോയെന്നുമുള്ള വിവരം സെക്രട്ടറി പരിശോധിച്ച് എല്ലാ വർഷവും മെയ് 15-ന് മുമ്പ് ജില്ലാ കളക്ടർക്ക് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്നുള്ള

നിർദ്ദേശം പാലിച്ചുകാണുന്നില്ല.

പെൻഷനുകളെ സംബന്ധിക്കുന്ന മേൽപറഞ്ഞ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കാത്തതിനാൽ പെൻഷൻ അനുവദിക്കുന്നതിലെ പോരായ്മകൾ, കാലതാമസം എന്നിവ കണ്ടെത്തുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകളും രേഖകളും കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ഇതേ വിഷയം 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അധികൃതർ അപാകതകൾക്ക് യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല.

## 3-27 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം

മുന്നിരിപ്പ് - 1085320

വരവ് - 2323376 (മുന്നിരിപ്പ്- 1085320, തൻവർഷവരവ്-1219435,

പലിശ- 18621)

ചെലവ് - 1094643.98

നീക്കിയിരിപ്പ് - 1228732.2

ആകെ തൊഴിൽ കാർഡുകൾ - 803

തൊഴിൽ ചെയ്തവർ - 591

തൊഴിൽ ദിനങ്ങൾ - 5361

ആക പദ്ധതി - 28

100 ദിനം പൂർത്തിയാക്കിയവർ - ഇല്ല

2015-16സാമ്പത്തിക വർഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നഗരസഭ 28പദ്ധതികൾ നടപ്പിലാക്കുകയും 5361തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് 1094643.98രൂപ ചെലവഴിക്കുകയും ചെയ്തു. ആകെ തൊഴിൽ കാർഡ് നേടിയ 803 ൽ 591പേർക്ക് തൊഴിൽ ലഭ്യമാക്കുവാനും നഗരസഭയ്ക്ക് കഴിഞ്ഞു. അവിദഗ്ധ മേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് പാവപ്പെട്ടവരുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. എന്നാൽ 2015-16സാമ്പത്തിക വർഷം നഗരസഭ വെറും 28പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. കൂടാതെ 100ദിനം പൂർത്തിയാക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. വരും വർഷങ്ങളിൽ കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി പരമാവധിപേർക്ക് തൊഴിൽ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കാക്കോട് വട്ടവിള റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 160000 വി.ഫണ്ട് ഡിഡിനം. 122638/6-4-16)<br>ചെക്ക് നം 10000 (തനതു ഫണ്ട്,ചെക്ക് നം. 059643/2-5-16) | 170000 | 127135 | 42865 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| കെ.എസ്.ഇ.ബി | | | 998998 | ലഭിച്ചിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | KURDFC ULB/129/10 dt 18/8/2010 | 4810224 | 3765524<br>(2935300 + 830224) | 666416 * (1511424 + 845008) | 141160 | 2254100 |
| EMS loan | | 8100000 | 4927562 | 300000 | | 4627562 |

* വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന 3765524/-രൂപയിൽ 1511424/-രൂപ തിരികെ അടച്ച (666416/-രൂപ പലിശ ഇനത്തിലുള്ള തുക journel entry പാസാക്കി കുറവ് വരുത്തി).

## 4-5 സ്ഥിരനിക്ഷേപങ്ങൾ

<table>
<tr><td>വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം</td><td rowspan="4">ഇല്ല</td></tr>
<tr><td>തൻവർഷം നിക്ഷേപിച്ച തുക</td></tr>
<tr><td>ആകെ</td></tr>
<tr><td>തന്നാണ്ടിൽ പിൻവലിച്ച തുക</td></tr>
</table>

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 216086105.75/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 160846843/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 485141/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2018182/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). നഗരസഭഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 64936.00 | 1)ശ്രീ.ശിവൻകുട്ടി , അസി . എഞ്ചിനീയർ ,<br>2)ശ്രീ. പത്മചന്ദ്രൻ നായർ സി, അസി. എഞ്ചിനീയർ,<br>3)ശ്രീ സജീഷ് ആർ, മുനിസിപ്പൽ എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-10 | | 13,579.00 | 1)ശ്രീ. ശിവൻകുട്ടി, അസി. എഞ്ചിനീയർ,<br>2)ശ്രീ സജീഷ് ആർ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-11 | | 3,27,838.00 | 1)ശ്രീ. ശിവൻകുട്ടി, അസി. എഞ്ചിനീയർ,<br>2)ശ്രീ സജീഷ് ആർ, മുനിസിപ്പൽ എഞ്ചിനീയർ |
| 3-12 | | 7,915.00 | 1)ശ്രീ.അൻസാർ.ജെ, മുനിസിപ്പൽ എഞ്ചിനീയർ<br>2)ശ്രീ.പത്മചന്ദ്രൻ നായർ.സി, അസി. എഞ്ചിനീയർ. |
| 3-13 | | 10,974.00 | 1)ശ്രീ.അൻസാർ.ജെ, മുനിസിപ്പൽ എഞ്ചിനീയർ<br>2)ശ്രീ.പത്മചന്ദ്രൻ നായർ.സി, അസി. എഞ്ചിനീയർ. |
| 3-14 | | 59,899.00 | 1)ശ്രീ.അൻസാർ.ജെ, മുനിസിപ്പൽ എഞ്ചിനീയർ<br>2)ശ്രീ.പത്മചന്ദ്രൻ നായർ.സി |
| ആകെ | | 485141.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 42865 | ശ്രീ.സുരേഷ്കുമാർ (മുനിസിപ്പൽ എഞ്ചിനീയർ) |
| 3-15 | 844037 | ശ്രീ.സുരേഷ്കുമാർ (മുനിസിപ്പൽ എഞ്ചിനീയർ) |

| | | |
|---|---|---|
| 3-19 | 858000 | ശ്രീ.സാംജിഡേവിഡ് (സെക്രട്ടറി) |
| 3-22 | 273280 | ശ്രീ.സാംജിഡേവിഡ് (സെക്രട്ടറി) |
| ആകെ | 2018182 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജീഷ്.ആർ<br>(മുനിസിപ്പൽ എഞ്ചിനീയർ) | തിരുവനന്തപുരം കോർപ്പറേഷൻ | റ്റി.സി 50/1385(2)<br>അഴിമുകം ലൈൻ<br>തളിയിൽ, കരമന<br>തിരുവനന്തപുരം -2 |
| ശ്രീ.അൻസാർ.ജെ (മുനിസിപ്പൽ എഞ്ചിനീയർ) | പാലാ നഗരസഭ | ടി.സി 6/1636/2<br>പി.റ്റി.പി നഗർ<br>തിരുമല,തിരുവനന്തപുരം -6 |
| ശ്രീ. ശിവൻകുട്ടി (അസി. എഞ്ചിനീയർ) | ഫോർട്ട് സോണൽ തിരുവനന്തപുരം | ടി.സി 20/50(13)<br>മേലാറന്നൂർ, കരമന, തിരുവനന്തപുരം |
| ശ്രീ. പത്മചന്ദ്രൻ നായർ സി. (അസി.എഞ്ചിനീയർ) | പോത്തൻകോട് പഞ്ചായത്ത് | ശരവണം, ടി.സി10/500-1, മണ്ണന്തല, തിരുവനന്തപുരം-695015. |

| | | |
|---|---|---|
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി./4 /562/2001 തീയതി.17.12.2001 | 26 | |
| 1996-97 | എൽ.എഫ്.റ്റി.ഡി.4/556/2000 തീയതി. 31.01.2001 | 13 | |
| 1996-97 | എൽ.എഫ്. റ്റി. ഡി. എം. എൽ/ തീയതി.27.09.2007 | 50 | |
| 1997-98 | എൽ.എഫ്. റ്റി. ഡി. 4/858/2000 തീയതി. 31.01.2001 | 12 | |
| 1997-98 | എൽ.എഫ്.റ്റി.ഡി. എം.എൽ /87/07, തീയതി.26.09.2007 | 8 | |
| 1995-96 | എൽ.എഫ്.റ്റി.ഡി.4/4562/2005, തീയതി.17.12-2001 | 15 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.എം.എൽ/1634/06 തീയതി.19.04.2007 | 41 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.എം.എൽ/327/08, തീയതി.20.06.2008 | 45 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.എം.എൽ/564/08 തീയതി.19.01.2009 | 35 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.എം.എൽ/565/08 തീയതി. 19.01.2009 | 25 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.എം.എൽ/1347/07 തീയതി. 09-02-2010 | 20 | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.റ്റി.ഡി.എം.എൽ/1375/07 തീയതി.17.03.2010 | 30 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.എം.എൽ/673/11 | 23 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.എം.എൽ/674/11 തീയതി.26.12.2011 | 43 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.എം.എൽ/1698/12 തീയതി.18.03.2013 | 36 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.എം.എൽ/593/13 തീയതി 24.06.2013 | 27 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.എം.എൽ/1794/13 തീയതി. 21.01.14 | 25 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.എം.എൽ/463/15 തീയതി. 25.06.11 | 19 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ എം.എൽ/582/16 തീയതി.23.05.2016 | 30 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ എം.എൽ./1387/2016 തീയതി: 2.8.2016 | 29 | |

ഒപ്പ്
ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള നഗരപാലികാ നിയമത്തിന്റെ 295-വകുപ്പ് എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവനന്തപുരം ജില്ലയിലെ വർക്കല നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകളുടെ സംഗ്രഹം

1) ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ, മെയിന്റനൻസ് ഫണ്ട് റോഡ്, നോൺറോഡ് എന്നീ അക്കൗണ്ടുകളിൽ യഥാക്രമം 54,54,527/- രൂപ, 2,76,303/- രൂപ, 6,55,241/- രൂപ എന്നീ തുകകൾ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട് . പ്രസ്തുത ചെലവ് തുകകൾ വരവായി AFS ൽ രേഖപ്പെടുത്തിയിട്ടില്ല.

2) ഡി & ഒ ലൈസൻസ് രജിസ്റ്റർ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, പരസ്യ നികുതി, വിനോദ നികുതി രജിസ്റ്റർ എന്നിവയിൽ 31.3.2016 ൽ ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3) ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് രേഖപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്